കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എ.എൽ.പി-പി6-1104/2019 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ ജില്ല

തീയതി. 29/01/2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തിരുവൻവണ്ടൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്ത്- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുവൻവണ്ടൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ എല്ലാ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി-പി6-1104/2019 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ ജില്ല

തീയതി. 29/01/2020

# ആലപ്പുഴ ജില്ലയിലെ തിരുവൻവണ്ടൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആലപ്പുഴ ജില്ലയിലെ തിരുവൻവണ്ടൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.07.2018 മുതൽ 30.09.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൌണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 24.10.2019 ലെ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) <u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.വി.സന്തോഷ്,<br>ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.10.2019 മുതൽ<br>24.10.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ബി.ലിജിലാൽ,<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീമതി ദീപ.കെ.ഗോപാൽ<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.മനേഷ് കുമാർ.ജി<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ഉണ്ണികൃഷ്ണൻ.സി<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | |
|---|---|
| പ്രൊഫ.ഏലിക്കുട്ടി കുര്യാക്കോസ് | 01.04.2018 മുതൽ 31.03.2019 വരെ |

2) സെക്രട്ടറി

| | |
|---|---|
| ശ്രീമതി.ബെറ്റി.ജെ.ട്രീസ | 01.04.2018 മുതൽ 08.10.2018 (FN)വരെ |
| ശ്രീ.കെ.വിക്രമൻ പിള്ള | 08.10.18 (AN) മുതൽ 31.03.19 വരെ |

3) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.രാജേന്ദ്ര പ്രസാദ്.കെ | 01.04.2018മുതൽ 31.03.2019വരെ |
| വെറ്റിനറി സർജൻ | ഡോ.തോമസ് ചെറിയാൻ | 01.04.2018 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.വിദ്യ.എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | ഡോ.ഷീജ.പി.എൻ | 01.04.2018 മുതൽ 10.06.2018 വരെ |
| | ഡോ.ദിലീപ് | 11.06.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ.എസ്.ഗിരിജ | 01.04.2018മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ.പ്രീത നായർ | 01.04.2018മുതൽ 31.03.2019 വരെ |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി.ആനി കുരുവിള | 01.04.2018മുതൽ 22.05.2018 വരെ |
| | ശ്രീമതി.വിനോദിനി ദേവി വി.ജി | 23.05.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.കല്യാണിക്കുട്ടി.പി | 01.04.2018മുതൽ 04.07.2018(FN)വരെ |
| | ശ്രീമതി.ദീപ്തി.എൻ | 04.07.2018(AN) മുതൽ 31.03.2019 വരെ |
| വി.ഇ.ഒ | ശ്രീമതി.ലാലി.എസ്. | 01.04,2018 മുതൽ 31.03.2019 വരെ |
| അസി.സെക്രട്ടറി | ശ്രീ.ദേവലാൽ | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.റെജിമോൾ ടി | 01.04.2018 മുതൽ 31.03.2019 വരെ |

ഉള്ളടക്കം

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ഇനം |
|---|---|---|
| ഭാഗം 1 | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം. |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് പരിശോധന |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷിക കണക്കുകളിലെ അപാകതകൾ |
| 13 | 1-13 | വസ്തുനികുതി-അനർഹമായി നികുതിയിളവ് നൽകി |
| 14 | 1-14 | വാണിജ്യാവശ്യകെട്ടിടത്തിന്റെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തിയില്ല |
| 15 | 1-15 | കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതിയിൽ വലിയ കുടിശ്ശിക |
| 16 | 1-16 | തൊഴിൽ നികുതി ചുമത്തുന്നതിലും ഈടാക്കുന്നതിലും അപാകത നിലനിൽക്കുന്നു. |
| 17 | 1-17 | എരമല്ലിക്കര അയ്യപ്പാ കോളേജിലെ മുഴുവൻ ജീവനക്കാരെയും തൊഴിൽ നികുതി ചുമത്തിയിട്ടില്ല |
| 18 | 1-18 | ഓഡിറ്റ് ഇംപാക്ട്-ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയതിനെ തുടർന്ന് തൊഴിൽ നികുതി ഒടുക്കി |
| 19 | 1-19 | ടെണ്ടർ ഫീസിനത്തിലുള്ള 35,910/-രൂപ പഞ്ചായത്തിനു തിരികെ ലഭിച്ചിട്ടില്ല |
| 20 | 1-20 | വൻപ്രളയം നാശനഷ്ടം വരുത്തിയ പഞ്ചായത്തിൽ നാശനഷ്ടങ്ങൾക്ക് വ്യക്തമായ കണക്കില്ല – പദ്ധതി നിർവ്വഹണത്തിലെവീഴ്ച്ച മൂലം സർക്കാർ ഗ്രാന്റിനത്തിൽ ലഭിച്ച 67.92 ലക്ഷം ലാപ്സായി |
| 21 | 1-21 | പച്ചക്കറി കൃഷി വികസനം - അധിക നിരക്കിൽ സബ്സിഡി നൽകി |
| 22 | 1-22 | തെങ്ങ് കൃഷി വികസനം - ലൈം വിതരണം - സബ്സിഡി അധികനിരക്കിൽ നൽകി |
| 23 | 1-23 | ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ പ്രവൃത്തിയിൽ 22,113/-രൂപയുടെ അധികച്ചെലവ് -ഓഡിറ്റ് കണ്ടെത്തലിനെത്തുടർന്ന് തിരിച്ചടച്ചു - ഓഡിറ്റ് ഇംപാക്ട് |
| 24 | 1-24 | ടെണ്ടർ കുറവ് വരുത്താതെ തുക അനുവദിക്കുകമൂലം അധികച്ചെലവ് - ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് തിരിച്ചടച്ചു |
| 25 | 1-25 | നെൽകൃഷി വികസനം – നെൽവിത്ത് വിതരണരേഖകൾ ലഭ്യമാക്കിയില്ല |
| 26 | 1-26 | ഉത്പാദന ബോണസിന്റെ വിതരണത്തിൽ അപാകത |
| 27 | 1-27 | വിരമിച്ച ജീവനക്കാരന്റെ ബാധ്യതയിനത്തിൽ ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കിയ തുക പഞ്ചായത്തിൽ ഒടുക്കു വന്നതിന് രേഖയില്ല |
| 28 | 1-28 | ദേശീയ തൊഴിലുറപ്പ് പദ്ധതി - മാർഗ്ഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായി കരാറുകാരന് അധികം നൽകിയ തുക ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് തിരികെ ഈടാക്കി - ഓഡിറ്റ് ഇംപാക്ട്. |
| 29 | 1-29 | തനത് ഫണ്ട് ചെലവുകളുടെ വൌച്ചറുകൾ പ്രളയത്തിൽ നഷ്ടപ്പെട്ടു. |
| 30 | 1-30 | പദ്ധതികളുടെ ടെൻഡർ, ലേലം, ക്വട്ടേഷൻ നടപടിക്രമങ്ങൾക്ക് പത്രപരസ്യം നല്കിയത് നിർദ്ദിഷ്ട "വിൻഡോ" തരത്തിലല്ല. |
| 31 | 1-31 | അറ്റകുറ്റപ്പണി നടത്തിയ തെരുവ് വിളക്കുകളുടെ എണ്ണവും തരവും കെ.എസ്.ഇ.ബി.യുടെ താരിഫ് കാർഡ് അനുസരിച്ചുള്ള തെരുവ് വിളക്കുകളുടെ എണ്ണവും തരവുമായി |

| | | |
|---|---|---|
| | | പൊരുത്തപ്പെടുന്നില്ല - കറണ്ട് ചാർജ്ജിനത്തിൽ അധിക ചെലവ് |
| 32 | 1-32 | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ – വിനിയോഗ ശേഷം ബാക്കിയുള്ള തുക വാട്ടർ അതോറിറ്റി തിരിച്ച് നൽകിയില്ല |
| 33 | 1-33 | വിവിധ പ്രവർത്തികൾക്കായി കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങളിൽ മുൻ വർഷങ്ങളിൽ നിക്ഷേപിച്ച തുകയുടെ പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല |
| 34 | 1-34 | ലൈൻ എക്സ്റ്റൻഷൻ - പൂർത്തീകരണ വിവരം ലഭ്യമാക്കുന്നത് വരെ തുക തടസ്സപ്പെടുത്തുന്നു |
| 35 | 1-35 | വിവിധ പദ്ധതികൾക്കായി ലഭിച്ച തുകകൾ - ചെലവു നടത്തുകയോ തിരിച്ചടക്കുകയോ ചെയ്യാതെ നിക്ഷേപമായി തുടരുന്നു. |
| 36 | 1-36 | ലൈബ്രറി സെസ്സ്അടക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. |
| 37 | 1-37 | സെന്റേജ് ഇനത്തിൽ അധികമായി ഒടുക്കിയ തുകയിൽ തിരിച്ച് കിട്ടിയ 7803 രൂപ സർക്കാരിലേക്ക് അടക്കേണ്ടതാണ്. |
| 38 | 1-38 | എഗ്രിമെന്റ് ചമച്ച് കരാറുകാർ ഏറ്റെടുത്ത നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരണ കാലാവധി കഴിഞ്ഞതിനുശേഷവും ആരംഭിച്ചിട്ടില്ല |
| 39 | 1-39 | ആസ്തി രജിസ്റ്ററിന്റെ പരിപാലനത്തിൽ വീഴ്ച |
| 40 | 1-40 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 41 | 1-41 | ഗാർഹിക ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ- ഗുണഭോക്താക്കളുടെ അപേക്ഷ വാങ്ങി പ്രോജക്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.തുക തടസ്സപ്പെടുത്തുന്നു. |
| 42 | 1-42 | 2018-19 സാമ്പത്തിക വർഷം ആയുർവേദ മെഡിക്കൽ ഓഫീസർനടത്തിയ മരുന്നുവാങ്ങൽ പ്രവൃത്തികളിലെ അപാകതകൾ |
| ഭാഗം 2 | | |
| 43 | 2-1 | വസ്തുനികുതി-വാണിജ്യവശ്യകെട്ടിടത്തെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തിയില്ല |
| ഭാഗം 3 | | |
| 44 | 3-1 | പച്ചക്കറി കൃഷി വികസനം - അധിക നിരക്കിൽ സബ്സിഡി നൽകി |
| 45 | 3-2 | തെങ്ങ് കൃഷി വികസനം - ലൈം വിതരണം - സബ്സിഡി അധികനിരക്കിൽ നൽകി |
| 46 | 3-3 | ഉത്പാദന ബോണസിന്റെ വിതരണത്തിൽ അപാകത. |
| ഭാഗം 4 | | |
| 47 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 48 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 49 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 50 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 51 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 52 | 4-6 | ഓഡിറ്റ് റിക്കവറി |
| 53 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 54 | 4-8 | ചാർജ്/സർച്ചാർജ് നടപടികളുടെ വിവരം |
| 55 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 56 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 57 | അനുബന്ധം - 1 | |
| 58 | അനുബന്ധം - 2 | |

# ഭാഗം -1

# ഓഡിറ്റ് റിപ്പോർട്ട്.

# 1-1 ബജറ്റ്

2018-19 ലെ പുതുക്കിയ ബജറ്റ് 14-03-2019 തിയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകളും വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളുടെയും സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 924968894 | 85218028 |
| വാർഷിക കണക്ക് പ്രകാരം | 42693481 | 38553601 |

# 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 18.05.2019 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 12-06-2019 | കെ.എസ്സ്.എ.എ.എൽ.പി.പി -14 /646/19 തീ.26-06-2019 |

(പ്രസ്തുത സർട്ടിഫിക്കറ്റ് ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ ഭാഗമായിരിക്കുന്നതാണ്)

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10177896 |
| വരവ് | 42693481 |
| ആകെ | 52871377 |
| ചെലവ് | 38553601 |
| നീക്കിയിരിപ്പ് | 14317776 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 9691466 | 9691466 | 8879514 | 811952 | 91.62 |
| വികസനഫണ്ട് | 0 | 3517000 | 3517000 | 2490623 | 1026377 | 70.81 |

| | | | | | | |
|---|---|---|---|---|---|---|
| എസ്.സി.പി. | | | | | | |
| വികസനഫണ്ട് ടി.എസ്.പി. | 0 | 51000 | 51000 | 0 | 51000 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 4766000 | 4766000 | 4454985 | 311015 | 93.47 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2859000 | 2859000 | 1984930 | 874070 | 69.42 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6136693 | 6136693 | 2418644 | 3718049 | 39.41 |
| പെർഫോമൻസ് ഗ്രാന്റ് | - | - | - | - | - | - |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 135 | 5810234891 | | 25232109 | - | 44 | 67 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താക്കൽക്ക് നേരിട്ട് നൽകുന്നത് | 0 | 14759397 | 14759397 | 14759397 | 0 |
| ഭരണ ചെലവ് | 12681 | 325695 | 338376 | 323673 | 14703 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 14400 | ഒന്നാം ഗഡു-9, രണ്ടാം ഗഡു-6 |
| കർഷകതൊഴിലാളി പെൻഷൻ | 2311200 | 172 |
| വിധവാപെൻഷൻ | 5332000 | 433 |
| വാർദ്ധക്യകാലപെൻഷൻ | 19634000 | 1474 |
| വികലാംഗപെൻഷൻ | 1897000 | 151 |
| അവിവാഹിത പെൻഷൻ | 215600 | 18 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 30000 | 1 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് -6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-10-2019 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 39,619/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-10 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1. നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന പദ്ധതി നിർവ്വഹണത്തിന്റെ പുരോഗതിയും ഫലപ്രാപ്തിയും കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. പല പദ്ധതി നിർവ്വഹണ രേഖകൾക്കൊപ്പവും മോണിട്ടറിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.
2. പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനങ്ങൾ യഥാസമയം നടപ്പാകുന്നുണ്ടോയെന്ന് നിരീക്ഷിക്ക പ്പെടുന്നതായി മിനിട്സിൽ രേഖയില്ല.
3. പദ്ധതി ആസൂത്രണത്തിലും, ആസൂത്രണം ചെയ്ത പദ്ധതികള സമയബന്ധിതമായി നടപ്പാക്കുന്നതിലും വീഴ്ച വന്നതു മൂലം സർക്കാർ അനുവദിച്ച ഗ്രാന്റിൽ നിന്നും 67.92 ലക്ഷം രൂപ 2018-19 വർഷം ലാപ്സാകാൻ ഇടയായിട്ടുണ്ട്.
4. 2018-ലെ പ്രളയം ഏറ്റവും കൂടുതൽ നാശനഷ്ടങ്ങൾ വരുത്തിയ പഞ്ചായത്തിൽ വിവിധ മേഖലയിലുണ്ടായ നാശനഷ്ടങ്ങളുടെ ക്രോഡീകരിച്ച കണക്ക് ലഭ്യമല്ല. ഇത് ഫലപ്രദമായ പുനരധിവാസ പദ്ധതികൾ തയ്യാറാക്കുന്നതിന് വിഘാതമാകുന്നു.
5. പഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തികളുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
6. പഞ്ചായത്തിലെ ഓരോ സെക്ഷനും കൈകാര്യം ചെയ്യുന്ന ഫയലുകളുടെ വിശദാംശങ്ങൾ അടങ്ങിയ പേഴ്സണൽ രജിസ്റ്റർ സെക്ഷനുകളിൽ മാന്വലായി തയ്യാറാക്കപ്പെടുകയോ ആയത് മേൽപരിശോധന നടത്തുകയോ ചെയ്തിട്ടില്ല. ഫയൽ ട്രാക്കിംഗിനായുള്ള സൂചികാ സോഫ്റ്റ്‌വെയർ പഞ്ചായത്തിൽ നിലവിലുണ്ടെങ്കിലും കൈകാര്യം ചെയ്യുന്ന തപാലുകളുടെ വിവരം കാലികമാക്കപ്പെടാത്തതുമൂലം ഓരോ സെക്ഷനുകളിലും തീർപ്പാക്കുവാൻ വൻ കുടിശ്ശികയുള്ളതായാണ് പ്രസ്തുത സോഫ്റ്റ്‌വെയറിലെ രേഖ.
7. വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലെ അപാകത മൂലം പഞ്ചായത്തിന് ഈയിനത്തിൽ നഷ്ടമുണ്ടാകുന്നു.
8. പഞ്ചായത്തിന്റെ ഓരോ വാർഡിലുമുള്ള തെരുവു വിളക്കുകളുടെ എണ്ണവും ഇനവും സംബന്ധിച്ച കൃത്യമായ കണക്ക് ലഭ്യമല്ല. ഇതു സംബന്ധമായി ഇലക്ട്രിസിറ്റി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ആയതിന്റെ വിവരം രജിസ്റ്ററിൽ ചേർത്ത് പരിപാലിക്കാതിരിക്കുക വഴി തെരുവു വിളക്ക് അറ്റകുറ്റപ്പണിക്കായി വിനിയോഗിക്കുന്ന തുകയുടെ നിജസ്ഥിതി പരിശോധിക്കുവാൻ കഴിയാത്ത അവസ്ഥ നിലനിൽക്കുന്നു.

അപാകത പരിഹരിക്കുവാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26-09-2019 | 08/2019 | 26-09-2019 |
| അക്കൗണ്ടന്റ് | 16-01-2018 മുതൽ 27-01-2018 | 2012-13 മുതൽ | 26-02-2018 |

| | | | |
|---|---|---|---|
| ജനറലിന്റെ ഓഡിറ്റ് | വരെ | 2016-17വരെ | |
| | | | |

# 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക കണക്കുകളുടെ പരിശോധന റിപ്പോർട്ടും സർട്ടിഫിക്കറ്റും KSA-ALP – P14-646/19 തീ. 20.06.2019 നമ്പർ ആയി പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരുന്നതിൽ പുറമെ വാർഷിക ഓഡിറ്റ് സമയത്ത് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) NPS ബാധകമാക്കിയിട്ടുള്ള ക്ലർക്ക് ശ്രീമതി.ജയപ്രഭ.പി.കെ യുടെ എൻ.പി.എസ് വിഹിതം 31-03-19 ലെ കണക്ക് പ്രകാരം എംപ്ലോയിയുടെയും എംപ്ലോയരുടെയും വിഹിതമിനത്തിൽ 56250/- രൂപ തനത് ഫണ്ടിൽ ബാധ്യതയായി നിൽക്കുന്നുണ്ട്. എന്നാലിത് വാർഷിക കണക്കുകളിലിലെ ബാധ്യത ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

2) തൊഴിലുറപ്പ് പദ്ധതിയുടെ ബാങ്ക് ബുക്ക് കണക്കുകളിൽ പാസ്സ്ബുക്ക് പ്രകാരം 01-08-2018 ൽ വരവ് വന്ന പലിശ 1523 രൂപ ഉൾപ്പെടുത്തിയിട്ടില്ല. ലഭ്യമാക്കിയ രേഖകൾ പ്രകാരം MGNREGS ന്റെ ആകെ വരവ് 15085092/- രൂപയാണ്. (325695 +14759397). എന്നാൽ വാർഷിക കണക്കുകളിലെ I – 6 പട്ടിക പ്രകാരം ആകെ വരവായി കാണിച്ചിട്ടുള്ളത് 15092485/- രൂപയാണ്. 7393/- രൂപയുടെ വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

3) ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 2018-19 വർഷം 30439 രൂപ യുടെ ഡെപ്പോസിറ്റ് തുകകൾ തിരികെ നൽകിയിട്ടുണ്ട്. എന്നാലിത് വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയില്ല.

4) കെ.എസ്.ഇ.ബിക്ക് 399720/- രൂപയും കേരള വാട്ടർ അതോറിറ്റിക്ക് 360000/- രൂപയും മുൻകൂർ നൽകിയെങ്കിലും സാംഖ്യയിലെ കണക്കുകളിൽ ഇത് അഡ്വാൻസായി രേഖപ്പെടുത്തിയില്ല. സാംഖ്യയിലെ കണക്കുകൾ പ്രകാരം മുൻകൂർ തുക 2017-18 ലേത് തന്നെയാണ്.

5) KURDFC ലോൺ 500000 രൂപയാണ്. എന്നാൽ വാർഷിക കണക്കുകളിലെ ആസ്തി-ബാധ്യത കണക്കുകളിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ബാധ്യതയായി അഞ്ചുലക്ഷം രൂപയും ആസ്തിയായി 4 ലക്ഷം രൂപയുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. നിർവ്വഹണ ഉദ്യോഗസ്ഥൻ മുഴവൻ ലോണും പദ്ധതിയിലുൾപ്പെടുത്തി വിതരണം ചെയ്തതിനാൽ B-5യിലെ അതേ തുക തന്നെയാണ് B-16 ലും ഉൾപ്പെടേണ്ടത്.

6) ഗുണഭോക്തൃവിഹിതമിനത്തിൽ 480213 രൂപ ബാധ്യതയായി കാണിച്ചിരിക്കുന്നു (ഹെഡ്-312100012). എന്നാൽ ഇപ്രകാരം ഒരു ബാധ്യത നിലനിൽക്കുന്നില്ല,

7)ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഹെഡ്ഡിൽ (312100101) 2017-18ലെ തുക തന്നെ നിലനിൽക്കുന്നു. അതായത് 2018-19 വർഷം പ്രത്യേക ഉദ്ദേശ ഗ്രാന്റുകളുടെ വിനിയോഗം വഴി ആർജിച്ച ആസ്തികൾ അക്കൌണ്ട് ചെയ്തിട്ടില്ല.

8) PFMS Thiruvanvandoor grama panchayat എന്നപേരിൽ 20-03-2019 ൽ ആരംഭിച്ച കേരളഗ്രാമീൺ ബാങ്ക് അക്കൌണ്ട് (നം-40559101026412 /സീറോ ബാലൻസ് അക്കൌണ്ട് ) സാംഖ്യയിൽ ഉൾപ്പെടുത്തിയില്ല,

# 1-13 വസ്തുനികുതി-അനർഹമായി നികുതിയിളവ് നൽകി

1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207 - 1 (എ) പ്രകാരം പൊതു ആരാധനക്കായി നീക്കിവച്ചിട്ടുള്ളതും യഥാർത്ഥത്തിൽ അപ്രകാരം ഉപയോഗിക്കുന്നതും അല്ലെങ്കിൽ അനുബന്ധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങളെ വസ്തുനികുതി, ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ഈ ഒഴിവ് ഉടമസ്ഥർ വാടക ഈടാക്കുന്ന കെട്ടിടങ്ങൾക്ക് നൽകാവുന്നതല്ല.

പഞ്ചായത്തിന്റെ വസ്തുനികുതി – സഞ്ചയ ഡേറ്റാബേസ് പരിശോധിച്ചതിൽ ആരാധനാലയങ്ങളല്ലാത്ത കെട്ടിടങ്ങളെയും ആരാധനാലയങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി നികുതി ചുമത്തുന്നില്ലായെന്ന് കാണുന്നു. ആരാധനാലയങ്ങൾ എന്ന നിലയിൽ ഡേറ്റാബേസിൽ ഉൾപ്പെട്ടിട്ടുള്ളതും യഥാർത്ഥത്തിൽ ആരാധനക്ക് ഉപയോഗിക്കാത്തതുമായ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം./ഉടമയുടെ പേര് വിലാസം | വിസ്തീർണ്ണം (ച.മീ) |
|---|---|---|
| 1 | 1/34-ദേവസ്വം ഓഫീസ്, ഇരമല്ലിക്കര | 65 |
| 2 | 3/387-സെന്റ് മേരീസ് ചർച്ച് ഓഫീസ് | 47.38 |
| 3 | 4/159-ഗോശാലകൃഷ്ണൻ ദേവസ്വം ഓഫീസ് | 40 |
| 4 | 4/164-ദേവസ്വം ഊട്ടുപുര | 150 |
| 5 | 6/174-കെ.പി.എം.എസ് ഓഫീസ് | 27 |
| 6 | 12/365ദേവസ്വം ഓഫീസ്, തിരുവൻവണ്ടൂർ | 85 |
| 7 | 13/40-ശ്രീ നീലകണ്ഠ വിലാസം എൻ.എസ്.എസ് കരയോഗം, വനവാതുകര | 150 |
| 8 | 5/317 എസ്.എൻ.ഡി.പി മന്ദിരം | 100 |
| 9 | 10/367 എസ്.എൻ.ഡി.പി മന്ദിരം | 82.31 |

തെറ്റായി ഉപയോഗക്രമം രേഖപ്പെടുത്തിയത് മൂലമാണ് ഇപ്രകാരം തെറ്റ് സംഭവിച്ചതെന്നും വസ്തുനികുതി ഡേറ്റാബേസിൽ തിരുത്തൽ വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചു. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-12/17-10-19നുള്ള മറുപടി). തെറ്റായി ഉപയോഗക്രമം രേഖപ്പെടുത്തി നികുതിയിളവ് നൽകിയ എല്ലാ കെട്ടിടങ്ങളെയും നികുതി നിർണ്ണയിച്ച് ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-14 വാണിജ്യാവശ്യകെട്ടിടത്തിന്റെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തിയില്ല

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.11 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011/ തസ്വഭവ പ്രകാരം പഞ്ചായത്തിലെ 100 ച.മീറ്റർ വരെയുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 30 രൂപയും 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 50/- രൂപയും ആണ് അടിസ്ഥാന നികുതി നിരക്ക് നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിരിക്കുന്നത്. എന്നാൽ ഓഡിറ്റ് പരിശോധനയിൽ ചില വാണിജ്യാവശ്യകെട്ടിടങ്ങളെ അവയുടെ ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തിയിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | കെട്ടിട നം-തറവിസ്തീർണ്ണം | ആകെതറ വിസ്തീർണ്ണം | ചുമത്തിയ വസ്തു നികുതി | ചുമത്തേണ്ട വസ്തുനികുതി | കുറവ് |
|---|---|---|---|---|---|
| ശ്രീ.കുര്യൻ തോമസ്സ്, പൂവ്വണ്ണാൽ പുത്തൻവീട് | 6/728- 85 m2 | 222 m2 | @30/m2<br>അടിസ്ഥാനവസ്തുനികുതി-2550<br>വർദ്ധനവ് 20% -വഴി സൗകര്യം-510<br>വസ്തുനികുതി-3060<br>ലൈ.സെസ്സ്-153 | @50/m2<br>അടിസ്ഥാനവസ്തുനികുതി-4250<br>വർദ്ധനവ് 20% -വഴി സൗകര്യം-850<br>വസ്തുനികുതി-5100<br>ലൈ.സെസ്സ്-255 | വസ്തുനികുതി-2040<br>ലൈ.സെസ്സ്-102 |
| | 6/729-16 m2 | | @30/m2<br>അടിസ്ഥാനവസ്തുനികുതി-480<br>വർദ്ധനവ് 20% -വഴി സൗകര്യം-96 | @50/m2<br>അടിസ്ഥാനവസ്തുനികുതി-800<br>വർദ്ധനവ് 20% -വഴി സൗകര്യം-160 | വസ്തുനികുതി-384<br>ലൈ.സെസ്സ്-19 |

| | | | | | |
|---|---|---|---|---|---|
| | | | വസ്തുനികുതി-576<br>ലൈ.സെസ്സ്-29 | വസ്തുനികുതി-960<br>ലൈ.സെസ്സ്-48 | |
| | 6/730- 12 m2 | | @30/m2<br>അടിസ്ഥാനവസ്തുനികുതി-360<br>വർദ്ധനവ് 20% -വഴി സൗകര്യം-72<br>വസ്തുനികുതി-432<br>ലൈ.സെസ്സ്-22 | @50/m2<br>അടിസ്ഥാനവസ്തുനികുതി-600<br>വർദ്ധനവ് 20% -വഴി സൗകര്യം-120<br>വസ്തുനികുതി-720<br>ലൈ.സെസ്സ്-36 | വസ്തുനികുതി-288<br>ലൈ.സെസ്സ്-14 |
| | 6/731-45 m2 | | @30/m2<br>അടിസ്ഥാനവസ്തുനികുതി-1350<br>വർദ്ധനവ് 20% -വഴി സൗകര്യം-270<br>വസ്തുനികുതി-1620<br>ലൈ.സെസ്സ്-81 | @50/m2<br>അടിസ്ഥാനവസ്തുനികുതി-2250<br>വർദ്ധനവ് 20% -വഴി സൗകര്യം-450<br>വസ്തുനികുതി-2700<br>ലൈ.സെസ്സ്-135 | വസ്തുനികുതി-1080<br>ലൈ.സെസ്സ്-54 |
| | 6/732-64 m2 | | @30/m2<br>അടിസ്ഥാനവസ്തുനികുതി-1920<br>വർദ്ധനവ് 20% -വഴി സൗകര്യം-384<br>വസ്തുനികുതി-2304<br>ലൈ.സെസ്സ്-116 | @50/m2<br>അടിസ്ഥാനവസ്തുനികുതി-3200<br>വർദ്ധനവ് 20% -വഴി സൗകര്യം-640<br>വസ്തുനികുതി-3840<br>ലൈ.സെസ്സ്-192 | വസ്തുനികുതി-1536<br>ലൈ.സെസ്സ്-76 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം-24/24-10-19) കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(4) പ്രകാരമാണ് നികുതി ചുമത്തിയതെന്ന മറുപടിയാണ് സെക്രട്ടറി ലഭ്യമാക്കിയത്. കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(4) പ്രകാരം ഒരാളിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളെ തക്കതായ കാരണങ്ങളാൽ പ്രത്യേക കെട്ടിടനമ്പർ നൽകിയിട്ടുണ്ടെങ്കിൽ മാത്രമാണ് അവയെ വെവ്വേറെ കെട്ടിടങ്ങളായി പരിഗണിക്കാനാകുക. ആയതിനാൽ വാണിജ്യാവശ്യത്തിന് നികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളെ വിഭജിച്ച് നമ്പർ നൽകിയപ്പോൾ 100 ച.മീറ്ററിൽ താഴെയുള്ള വാണിജ്യാവശ്യകെട്ടിടങ്ങൾക്കുള്ള നിരക്ക് ചുമത്തിയത് ക്രമപ്രകാരമല്ല. മേൽ കെട്ടിടത്തിന് ഇപ്രകാരം വസ്തുനികുതി ചുമത്തിയത് പഞ്ചായത്തിന്റെ വസ്തുനികുതി ഡിമാൻഡിൽ 5328/- രൂപയുടെയും ലൈ.സെസ്സ് ഡിമാൻഡിൽ 265/- രൂപയുടെയും കുറവുണ്ടാക്കി. വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതിയിൽ വലിയ കുടിശ്ശിക

പഞ്ചായത്ത് പരിധിയിലുള്ള കേരള വാട്ടർ അതോറിറ്റിയുടെ (അസിസ്റ്റന്റ് എൻജിനീയർ കേരള വാട്ടർ അതോറിറ്റി)പേരിലുള്ള താഴെ പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി, പുനർനിർണ്ണയത്തിന് ശേഷം ഈടാക്കിയിട്ടില്ല. 2013-14 മുതൽ 2018-19 വരെയുള്ള വർഷങ്ങളിലെ ഡിമാൻഡ് നോട്ടീസുകൾ കെട്ടിട ഉടമ കൈപ്പറ്റിയിട്ടുണ്ടെങ്കിലും നികുതി ഒടുക്കിയിട്ടില്ല. വസ്തുനികുതിയിനത്തിൽ പഞ്ചായത്തിന് കേരള വാട്ടർ അതോറിറ്റിയിൽ നിന്നും 309690/- രൂപ ഈടാക്കുന്നതിന് 05-01-2019 ൽ വസ്തുനികുതി ഡിമാൻഡ് സാംഖ്യയിൽ നിന്നും ഒഴിവാക്കുകയും റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയും ചെയ്തു.

| കെട്ടിട നം | തറവിസ്തൃതി | വസ്തുനികുതി | ലൈ.സെസ് |
|---|---|---|---|
| 9/117 | 67.31m2 | 3366 | 169 |
| 9/118 | 67.31 m2 | 3366 | 169 |
| 9/119 | 67.31 m2 | 3366 | 169 |
| 9/120 | 52.5 m2 | 2625 | 132 |
| 9/126 | 71.55 m2 | 3578 | 179 |
| 9/132 | 40 m2 | 2000 | 100 |
| 9/133 | 77.64 m2 | 3882 | 195 |
| 9/134 | 107.64 m2 | 5382 | 270 |
| 9/135 | 481m2 | 24050 | 1203 |
| | | 51615 | 2586 |

റവന്യൂ റിക്കവറി നടപടികളുടെ പുരോഗതി ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

# 1-16 തൊഴിൽ നികുതി ചുമത്തുന്നതിലും ഈടാക്കുന്നതിലും അപാകത നിലനിൽക്കുന്നു.

1994 ലെ കേരള പഞ്ചയത്ത് രാജ് നിയമം വകുപ്പ് 204, 205 വകുപ്പുകൾ അവയുടെ കീഴിൽ ഉണ്ടാക്കിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുന്നവരോ തൊഴിലിൽ ഏർപ്പെടുന്നവരോ ആയ ഏതൊരു സ്ഥാപനം/ വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഈ ഇനത്തിൽ ലഭിക്കാവുന്ന മുഴുവൻ തൊഴിൽ നികുതി വരുമാനവും ഈടാക്കുന്നതിന് ശ്രമിക്കുന്നില്ല.

A) ജീവനക്കാരുടെ തൊഴിൽ നികുതി പട്ടികയിലുൾപ്പെട്ട താഴെ പറയുന്ന സ്ഥാപനങ്ങളെ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ചുമത്തി ഈടാക്കിയില്ല.

1.ബി.എസ്.എൻ.എൽ

2.കെ.എസ്സ്.ഇ.ബി, കല്ലിശ്ശേരി

B) ഇക്കോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന്റെ 2011 ലെ പഞ്ചായത്ത് തല സ്ഥിതിവിവര കണക്കുകളുടെ റിപ്പോർട്ട്(ആലപ്പുഴ) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 10 പൊതുവിതരണ കേന്ദ്രങ്ങൾ(റേഷൻ കടകൾ) പ്രവർത്തിക്കുന്നുണ്ട്. (അവലംബം-www.ecostat.kerala.gov.in). എന്നാൽ പൊതുവിതരണ കേന്ദ്രങ്ങളെ പഞ്ചായത്ത് തൊഴിൽ നികുതി ചുമത്തിയിട്ടില്ല.

ടി സ്ഥാപനങ്ങൾക്ക് സ്ഥാപനനികുതി ചുമത്താതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം.3/15.10.2019) മറുപടിയിൽ ടി സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചു. ടി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

# 1-17 എരമല്ലിക്കര അയ്യപ്പാ കോളേജിലെ മുഴുവൻ ജീവനക്കാരെയും തൊഴിൽ നികുതി ചുമത്തിയിട്ടില്ല

എരമല്ലിക്കര ശ്രീ അയ്യപ്പ കോളേജിലെ ജീവനക്കാരുടെ 2018-19 ലെ തൊഴിൽ നികുതി അടവ് സംബന്ധിച്ച ജീവനക്കാരുടെ പട്ടികയും ടി കോളേജിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ (www.sreeayyappacollege.ac.in) പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഫാക്കൽറ്റി/ജീവനക്കാരുടെ പട്ടികയും താരതമ്യം ചെയ്ത് പരിശോധിച്ചതിൽ ടി കോളേജിൽ കരാർ വ്യവസ്ഥയിൽ അദ്ധ്യാപനം നടത്തുന്ന താഴെ പറയുന്ന ജീവനക്കാരെ പഞ്ചായത്ത് തൊഴിൽ നികുതി ചുമത്തിയിട്ടില്ലയെന്ന് വ്യക്തമായി.

A) അദ്ധ്യാപകർ

| ക്രമ നം | പേര് | തസ്തിക |
|---|---|---|
| 1 | Shri.Praveen Raj | Assistant Professor on Contract |
| 2 | Smt.Aswathy R | Assistant Professor on Contract |
| 3 | Smt.Lekshmi M G | Assistant Professor on Contract |
| 4 | Smt.Binitha L | Assistant Professor on Contract |
| 5 | Smt.Sruthi.V. Namboothiri | Assistant Professor on Contract |
| 6 | Smt.Sreelekshmi A N | Assistant Professor on Contract |
| 7 | Dr Sheeba K | Smt.Assistant Professor on Contract |
| 8 | Smt.Surjimol Rajan | Assistant Professor on Contract |
| 9 | Smt.Reshma Dharman | Assistant Professor on Contract |
| 10 | Smt.Gayathri Mohan | Assistant Professor on Contract |
| 11 | Smt.Karthika R Krishnan | Assistant Professor on Contract |
| 12 | Shri.Jithin P | Assistant Professor on contract |
| 13 | Smt.Arya Raj A | Assistant Professor on contract |
| 14 | Smt.Rejani Mohan | Assistant Professor on contract |
| 15 | Smt.Reshma R | Assistant Professor on contract |
| 16 | Shri.Vishnu | Assistant Professor on contract |
| 17 | Smt.Vysakhi Suresh | Assistant Professor on Contract |
| 18 | Shri.Lois Jose | Assistant Professor on Contract |
| 19 | Smt.Priyamol Vijayan | Assistant Professor on Contract |

B)ഭരണ വിഭാഗം ജീവനക്കാർ

കോളേജിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഭരണവിഭാഗം ജീവനക്കാരുടെ പട്ടികയിലുൾപ്പെട്ട താഴെ പറയുന്ന ജീവനക്കാരെ തൊഴിൽ നികുതി ചുമത്തിയിട്ടില്ല.

| ക്രമ നം | പേര് | തസ്തിക |
|---|---|---|
| 1 | Shri. T L Mahesh | Office Attendant |
| 2 | Smt. E G Radhamani | Office Attendant |

ടി ജീവനക്കാരെ നികുതി ചുമത്താതിരുന്നതിന് കാരണം രേഖാമൂലം വിശദീകരിക്കപ്പെട്ടില്ല. ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-6/17-10-19 ന് മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുന്നവരോ തൊഴിലിൽ ഏർപ്പെടുന്നവരോ ആയ ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. ടി ജീവനക്കാരെ നികുതി ചുമത്തി വിവരം ഓഡിറ്റ് വകുപ്പിൽ അറിയിക്കേണ്ടതാണ്.

# 1-18 ഓഡിറ്റ് ഇംപാക്റ്റ്-ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയതിനെ തുടർന്ന് തൊഴിൽ നികുതി ഒടുക്കി

ദിയ യമഹ ഷോറൂം പ്രാവിൻകൂട് എന്ന സ്ഥാപനത്തിൽ നിന്നും സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയില്ലായെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-3/15-10-2019 പ്രകാരം ചൂണ്ടി കാട്ടിയതിനെ തുടർന്ന് 15-

10-2019 ലെ 119010102009 നമ്പർ രസീത് പ്രകാരം ടി സ്ഥാപനം 2500/- രൂപ സ്ഥാപന തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിൽ ഒടുക്കി.

## 1-19 ടെണ്ടർ ഫീസിനത്തിലുള്ള 35,910/-രൂപ പഞ്ചായത്തിനു തിരികെ ലഭിച്ചിട്ടില്ല

പഞ്ചായത്തിൽ ഇ-ടെണ്ടർ മുഖേന നടപ്പാക്കിയ മരാമത്തു പ്രവൃത്തികളുടെ ടെണ്ടർ ഫീസിനത്തിൽ കരാറുകാരിൽ നിന്നും ഈടാക്കിയതും, ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ ഓൺലൈനായി ക്രെഡിറ്റ് ചെയ്യപ്പെട്ടതുമായ തുക പഞ്ചായത്തിനു മടക്കി ലഭിച്ചിട്ടില്ല. അസിസ്റ്റന്റ് എൻജിനീയർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം 2015-16 മുതൽ 2018-19 വരെയുള്ള വർഷങ്ങളിൽ ടെണ്ടർ ഫീസിനത്തിൽ പ്രസ്തുത അക്കൗണ്ടിലേക്ക് ഒടുക്കവരുത്തിയിട്ടുള്ളത് 35,910/-രൂപയാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ എണ്ണം | ടെണ്ടർ ഫീസിനത്തിൽ ഒടുക്ക വരുത്തിയ തുക | തിരികെ ലഭിച്ച തുക |
|---|---|---|---|
| 2015-16 | 1 | 15750 | - |
| 2016-17 | 6 | 17660 | - |
| 2017-18 | - | - | - |
| 2018-19 | 1 | 2500 | - |
| ആകെ | | 35910 | - |

പഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടിലേക്ക് മുതൽക്കൂട്ടാവുന്ന ഈ തുക തിരികെ ഈടാക്കുന്നതിലേക്കാവശ്യമായ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-20 വൻപ്രളയം നാശനഷ്ടം വരുത്തിയ പഞ്ചായത്തിൽ നാശനഷ്ടങ്ങൾക്ക് വ്യക്തമായ കണക്കില്ല – പദ്ധതി നിർവ്വഹണത്തിലെവീഴ്ച്ച മൂലം സർക്കാർ ഗ്രാന്റിനത്തിൽ ലഭിച്ച 67.92 ലക്ഷം ലാപ്സായി

2018 ലെ മഹാപ്രളയത്തിൽ വലിയ നാശനഷ്ടങ്ങൾ ഉണ്ടായ ആലപ്പുഴ ജില്ലയിലെ പഞ്ചായത്തുകളിൽ ഒന്നാണ് തിരുവൻവണ്ടൂർ. പഞ്ചായത്ത് ഓഫീസ് കെട്ടിടം ഉൾപ്പെടെ പ്രളയ ജലത്തിൽ മുങ്ങിയതിനെ തുടർന്ന് പരിമിത സൌകര്യങ്ങൾ ഉള്ള വാടകകെട്ടിടത്തിലേക്ക് പഞ്ചായത്ത് ഓഫീസ് പ്രവർത്തനം മാറ്റുവാൻ നിർബന്ധിതമാകുകയും നിലവിൽ അങ്ങനെ തുടരുകയുമാണ്. പഞ്ചായത്ത് പ്രദേശത്തെ പൊതു/സ്വകാര്യ സ്വത്തുവകകൾക്ക് കനത്ത നാശനഷ്ടം പ്രളയം വരുത്തിയെങ്കിലും ഓരോ മേഖലയിലുമുണ്ടായ നാശനഷ്ടങ്ങളുടെ വ്യക്തമായ കണക്ക് പഞ്ചായത്തിൽ ഇല്ല. പ്രളയാനന്തരപുനരധിവാസ പദ്ധതികളുടെ രൂപീകരണത്തിനും അവയുടെ ഫലപ്രദമായ നിർവ്വഹണത്തിനും ഇപ്രകാരം നാശനഷ്ടങ്ങളുടെ ഒരു ക്രോഡീകരിച്ച വിവരം അനിവാര്യമെങ്കിലും ആയതിലേക്ക് പഞ്ചായത്ത് അധികൃതർ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. ഓരോ മേഖലയിലുമുണ്ടായ നാശനഷ്ടങ്ങൾക്കനുസൃതമായി പുനരധിവാസ പദ്ധതികൾ ആവിഷ്കരിക്കുന്നതിലേക്ക് ഫലവത്തായ ചർച്ചകൾ നടത്തുന്നതിനോ, അത് പ്രകാരം സ്റ്റാറ്റസ് റിപ്പോർട്ട് പുന:ക്രമീകരിക്കുന്നതിനോ നടപടികൾ സ്വീകരിച്ചിട്ടില്ല. ഇതുമൂലം മുൻ വർഷങ്ങളിലെ പോലെ ലഭ്യമായ സർക്കാർ ധനസഹായം പശ്ചാത്തല മേഖലയിലുൾപ്പെടെ വാർഡ് അടിസ്ഥാനത്തിൽ വീതം വെച്ച് ഭാഗികമായ പ്രവർത്തികൾക്കായി

വിനിയോഗിക്കുകയാണ് ചെയ്തിട്ടുള്ളത്. ആവിഷ്കരിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ അധികൃതർ വരുത്തിയ വീഴ്ച മൂലം 18-19 വർഷം പഞ്ചായത്തിന് വിവിധ ഗ്രാന്റിനങ്ങളിൽ സർക്കാരിൽ നിന്ന് ലഭിച്ച ധനസഹായത്തിൽ നിന്നും 67,92,463/- രൂപ ലാപ്സാകാൻ ഇടയായി. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഫണ്ടിനം | തൻ വർഷം അനുവദിച്ച തുക | തൻ വർഷം ചെലവാക്കിയ തുക | ലാപ്സായ തുക |
|---|---|---|---|---|
| 1 | വികസനഫണ്ട്-ജനറൽ | 9691466 | 8879514 | 811952 |
| 2 | വികസനഫണ്ട്-എസ്.സി.പി | 3517000 | 2490623 | 1026377 |
| 3 | ധനകാര്യ കമ്മീഷന് ഗ്രാന്റ് | 6136693 | 2418644 | 3718049 |
| 4 | വികസനഫണ്ട്-ടി.എസ്.പി | 51000 | - | 51000 |
| 5 | മെയിന്റനന്സ് ഗ്രാന്റ്-റോഡ് | 2859000 | 1984930 | 874070 |
| 6 | മെയിന്റനന്സ് ഗ്രാന്റ്-നോണ് റോഡ് | 4766000 | 4454985 | 311015 |
| | | | | 6792463 |

പദ്ധതി നിർവ്വഹണ രേഖകൾ പ്രകാരം പഞ്ചായത്തിലെ 12 നിർവ്വഹണോദ്യോഗസ്ഥരിൽ താഴെ പറയുന്ന 6 നിർവ്വഹണദ്യോഗസ്ഥരുടെ പദ്ധതി ചെലവ് 65% ൽ താഴെ മാത്രമാണ്.

| ക്രമ നമ്പർ | നിർവ്വഹണോദ്യോഗസ്ഥൻ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 4153608 | 2503401 | 60.27% |
| 2 | വെറ്ററിനറി സർജൻ | 805000 | 237000 | 28.4% |
| 3 | വി.ഇ.ഒ. | 22541115 | 6192228 | 27.47% |
| 4 | സെക്രട്ടറി | 3976620 | 2039389 | 51.28% |
| 5 | അസി.എഞ്ചിനീയർ | 17981690 | 7497046 | 41.69% |
| 6 | അസി.സെക്രട്ടറി | 2156000 | 1182745 | 54.86% |

പദ്ധതി നിർവ്വഹണത്തിലുണ്ടായ വീഴ്ചമൂലം ഉത്പാദനം, സേവനം, പശ്ചാത്തലം എന്നീ മേഖലകളിലെ ചെലവ് നിശ്ചിത നിലവാരത്തിലെത്തിക്കാൻ കഴിയാതെ വന്നു. മേഖലാടിസ്ഥാനത്തിലുള്ള ചെലവിന്റെ (ജനറൽ, പട്ടികജാതി വിഭാഗം ഉൾപ്പെടെ) വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മേഖല | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|
| 1 | ഉദ്പാദനം, | 6248608 | 2890401 | 46.25% |
| 2 | സേവനം | 34914444 | 14507554 | 41.55% |
| 3 | പശ്ചാത്തലം | 16939296 | 7834154 | 46.25% |

സ്വന്തമായി ഒരു ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനു പോലും ഫണ്ട് കണ്ടെത്താൻ വിഷമിക്കുന്ന പഞ്ചായത്തിന് ലഭ്യമായ ഗ്രാന്റുകൾ ഫലപ്രദമായി വിനിയോഗിക്കാതെ ലാപ്സാക്കുന്നത് ആശാവഹമല്ല. ആകയാൽ ജനോപകാരപ്രദമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും സമയബന്ധിതമായി നടപ്പാക്കുന്നതിനും ലഭ്യമായ ഫണ്ട് പൂർണ്ണമയി ചെലവഴിക്കുന്നതിനും നപടി സ്വീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-21 പച്ചക്കറി കൃഷി വികസനം - അധിക നിരക്കിൽ സബ്സിഡി നൽകി

പ്രോജക്ട് നമ്പർ - SOO 36/19

അടങ്കൽ - 2,40,000/- ( വികസനഫണ്ട് -121250 +ബ്ലോക്ക് ഷെയർ - 30000+

ഗുണഭോക്തൃവിഹിതം -88750)

ചെലവ് -ബിൽ നമ്പർ - 8/ 16.1.19 – 86250/-

ബിൽ നമ്പർ - 22/15.3.19 – 30000/-

ബിൽ നമ്പർ - 25/15.3.19 – 5000/-

ബ്ലോക്ക് ഷെയർ ചെക്ക് നമ്പർ - 8665407/19.3.19 – 30000/-

ഗുണഭോക്തൃവിഹിതം - 1420390/20.3.19 – 28750/-

ആകെ 180000/-

മേൽ പ്രോജക്ടിനുകീഴിൽ വിത്ത്, ജൈവവളം എന്നിവ ലഭ്യമാക്കുന്നതിനും കൂലിചെലവിനുമായി ആകെ 1,80,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 65000/- രൂപ വിത്ത് വില, കൂലിച്ചെലവ് എന്നീ ഇനങ്ങളിൽ ചെലവഴിച്ചതും 1,15,000/- രൂപ ജൈവവളം, വേപ്പെണ്ണ എന്നിവയുടെ വിലയായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ എന്ന സ്ഥാപനത്തിന് നല്കിയതാണ്. ആകെ വിലയുടെ 75% സബ്സിഡിയായി ആകെ 86250/- രൂപ പദ്ധതി വിഹിതവും ഗുണഭോക്തൃവിഹിതമായി 28750/- രൂപ ഉൾപ്പെടെയാണ് പ്രസ്തുത 1,15,000/- രൂപ സ്ഥാപനത്തിന് നൽകിയിട്ടുള്ളത്. ഇപ്രകാരം നൽകിയ 86250/- രൂപയിൽ 77866/- രൂപ 2500 കി.ഗ്രാം ഓർഗാനിക് മിക്സ്ച്ചർ, 100 കി.ഗ്രാം സ്യൂഡോമോണസ് എന്നിവയുടെ വിലയായി നൽകിയതാണ്. ചെലവ് രേഖകൾ പരിശോധിച്ചതിൽ ഓർഗാനിക് മിക്സ്ച്ചറിനും സ്യൂഡോമോണസിനും ജില്ലാ കൃഷി ഓഫീസർ നിർണ്ണയിച്ച യൂണിറ്റ് നിരക്കിന് ആനുപാതികമായ നിരക്കിനേക്കാൾ ഉയർന്ന നിരക്കിലാണ് സബ്സിഡി നൽകിയിട്ടുള്ളതെന്ന് കാണുന്നു.

സ.ഉ.(കൈ) നം. 22/18/ തസ്വഭവ, തീ. 14.02.2018 നമ്പർ സബ്സിഡി മാർഗ്ഗരേഖയിലെ 3-ാം ഖണ്ഡികയിൽ നിർദ്ദേശിക്കും പ്രകാരം രൂപീകരിച്ച ജില്ലാ ആസൂത്രണ സമിതിയുടെ 03.04.2018 ലെ 2895/2018/ഡി.പി.സി./ ഡി.പി.ഒ./ എ.എൽ.പി. ഉത്തരവ് പ്രകാരം ഓർഗാനിക് മിക്സ്ച്ചറിന് ഒരു കിലോയ്ക്ക് 25/- രൂപയും സ്യൂഡോമോണസിന് ഒരു കിലോയ്ക്ക് 75/- രൂപയുമാണ്. ജില്ലാതലത്തിൽ നിശ്ചയിച്ച യൂണിറ്റ് കോസ്റ്റ് എന്നാൽ ഓർഗാനിക് മിക്സ്ച്ചർ കിലോയ്ക്ക് 38.10/- രൂപ നിരക്കിലും സ്യൂഡോമോണസ് കിലോയ്ക്ക് 85.71/- രൂപ നിരക്കിലും വാങ്ങി, ഈ വിലയ്ക്ക് ആനുപാതികമായ സബ്സിഡിയാണ് നൽകിയത്. ഇപ്രകാരം ഉയർന്ന നിരക്കിൽ വാങ്ങൽ നടത്തുക വഴി 25366/- രൂപ പ്ലാൻ ഫണ്ടിൽ നിന്ന് അധികമായി ചെലവായിട്ടുണ്ട്.

അധികനിരക്കിൽ സബ്സിഡി അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/19.10.2019) ലഭ്യമാക്കിയ മറുപടി ഓർഗാനിക് മിക്സ്ച്ചറും സ്യൂഡോമോണസും 75% സബ്സിഡിയിൽ മാത്രമാണ് നൽകിയിട്ടുള്ളതെന്നും പഞ്ചായത്ത് ബ്ലോക്ക് സംയുക്ത പദ്ധതി ആയിരുന്നതിനാലും സമയബന്ധിതമായി ടി പദ്ധതി പൂർത്തിയാക്കേണ്ടിയിരുന്നതിനാലും ടി പദ്ധതി നടപ്പാക്കിയ സമയത്ത് ജില്ലാ ആസൂത്രണസമിതിയുടെ മാർഗ്ഗരേഖ ലഭ്യമായിട്ടില്ലാത്തതിനാലുമാണ് അപാകത ഉണ്ടായതെന്നുമാണ്. എന്നാൽ ഈ മറുപടി അംഗീകരിക്കത്തക്കതല്ല. സബ്സിഡി മാർഗ്ഗരേഖയിൽ ജില്ലാ

തലത്തിൽ യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കേണ്ട ഇനങ്ങളുടെ കാര്യത്തിൽ യൂണിറ്റ് കോസ്റ്റ് ലഭ്യമായില്ലെങ്കിൽ പദ്ധതി നിർവ്വഹണ സമയത്ത് ജില്ലാതല ഓഫീസുമായി ബന്ധപ്പെട്ട് യൂണിറ്റ് കോസ്റ്റ് ലഭ്യമാക്കി പദ്ധതി നിർവ്വഹണം നടത്തേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയാണ്. അധിക ചെലവിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

1. ബിൽ നമ്പർ - 8/ 16.1.19

| ക്രമ നമ്പർ | വാങ്ങിയ വളങ്ങളുടെ വിവരം | അളവ്/ വില കി.ഗ്രാം | ആകെ വില | ആസൂത്രണ സമിതി നിശ്ചയിച്ച നിരക്ക് പ്രകാരമുള്ള വില | സബ്സിഡി തുക | | |
|---|---|---|---|---|---|---|---|
| | | | | | അനുവദിച്ചത് | അനുവദി ക്കാവുന്നത് | അധികം |
| 1. | ഓർഗാനിക് മിക്സ്ച്ചർ | 2500 | 95250 (2500 x 38.10) | 62500 (2500 x 25) | 71438 | 46875 | 24563 |
| 2. | സ്യൂഡോമോണസ് | 100 | 8571 (100x85.71) | 7500 (100x75) | 6428 | 5625 | 803 |
| | ആകെ | | | | | | 25366/- |

അധിക ചെലവായ തുക തിരിച്ചടവ് വിവരം അറിയിക്കാത്തവയും ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിർണ്ണയിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

# 1-22 തെങ്ങ് കൃഷി വികസനം - ലൈം വിതരണം - സബ്സിഡി അധികനിരക്കിൽ നൽകി

പ്രോജക്ട് നമ്പർ - SOO 45/19

അടങ്കൽ - 3,57,000/- ( വികസനഫണ്ട് -206500 +

ഗുണഭോക്തൃവിഹിതം - നേരിട്ട് -150500)

ചെലവ് -ബിൽ നമ്പർ - 24/ 19.3.19 –203000/-

നിർവ്വഹണം - കൃഷി ഓഫീസർ

20 ഹെക്ടർ സ്ഥലത്തെ 3500 തെങ്ങുകൾക്ക് വളം വിതരണം ചെയ്യുന്നതിന് വേണ്ടി ആവിഷ്കരിച്ച മേൽ പ്രോജക്ടിലുൾപ്പെടുത്തി 94 കർഷകർക്ക് വളം, നീറ്റുകക്ക എന്നിവ വിതരണം ചെയ്തിരുന്നു. ഉമയാറ്റുകര സർവ്വീസ് കോ - ഓപ്പറേറ്റീവ് ബാങ്ക് (നം.499) ൽ നിന്നാണ് ഇവ വാങ്ങിയത്. വളത്തിന്റെ വിലയുടെ 75% സബ്സിഡി എന്ന നിലയിൽ 119000/- രൂപയും നീറ്റുകക്കയുടെ വിലയിനത്തിൽ 75% സബ്സിഡിയായി 84000/- രൂപയും മേൽ നം. ബിൽ മുഖേന പിൻവലിച്ച് 94 കർഷകരുടെ തിരുവൻവണ്ടൂർ സർവ്വീസ് സഹകരണ ബാങ്ക് അക്കൌണ്ടുകളിലേക്ക് കൈമാറി നൽകിയിട്ടുണ്ട്.

സ.ഉ.(കൈ) നം.22/18/തസ്വഭവ, തീ. 14.2.18 നമ്പർ സബ്സിഡി മാർഗ്ഗരേഖയിലെ 3-ാം ഖണ്ഡികയിൽ നിർദ്ദേശിക്കും പ്രകാരം രൂപീകരിച്ച ജില്ലാ ആസൂത്രണ സമിതിയുടെ 03.04.2018 ലെ 2895/2018/ഡി.പി.സി./ ഡി.പി.ഒ./ എ.എൽ.പി. ഉത്തരവ് പ്രകാരം ലൈമിന് ജില്ലാ കൃഷി ഓഫീസർ നിർണ്ണയിച്ച യൂണിറ്റ് നിരക്കിന് ആനുപാതികമായ നിരക്കിനേക്കാൾ ഉയർന്ന നിരക്കിൽ ആണ് സബ്സിഡി നൽകിയിട്ടുള്ളത്. മേൽ ഉത്തരവിൽ 10 കിലോഗ്രാം പായ്ക്കറ്റിന് 85/- രൂപയാണ് അനുവദിക്കാവുന്നതാണ്. അതായത് ഒരു കിലോഗ്രാമിന് അനുവദിക്കാവുന്ന തുക 8.50/- രൂപ. എന്നാൽ ലൈം കിലോയ്ക്ക് 14.55/- രൂപ നിരക്കിലാണ് വാങ്ങിയിട്ടുള്ളത്. ലൈം ഉയർന്ന നിരക്കിൽ വാങ്ങൽ നടത്തുക വഴി 34938.75/- രൂപയുടെ അധിക ചെലവ് പ്ലാൻ ഫണ്ടിൽ നിന്ന് ഉണ്ടായിട്ടുണ്ട്. ഈ തുക കൃഷി ഓഫീസറുടെ ബാധ്യതയായി നിശ്ചയിക്കുന്നു.

അധികനിരക്കിൽ സബ്സിഡി അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 15/19.10.19 ന് ലഭ്യമാക്കിയ മറുപടി "കർഷകർക്ക് കുമ്മായം 75% സബ്സിഡി നിരക്കിലാണ് നൽകിയതെന്നും ഉമയാറ്റുകര സർവ്വീസ് കോ - ഓപ്പറേറ്റീവ് ബാങ്ക് തീരുമാനപ്രകാരമുള്ള വിലയുടെ 75% ആണ് നൽകിയതെന്നും ടി വിലയിൽ താഴെ കുമ്മായം ലഭ്യമല്ലാത്തതിനാലാണ് ടി സബ്സിഡി

നൽകേണ്ടി വന്നതാണെന്നുമാണ്". എന്നാൽ ഈ മറുപടി അംഗീകരിക്കത്തക്കതല്ല. ജില്ലാതലത്തിൽ യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കാൻ നിർദ്ദേശിച്ചിരിക്കുന്നവയിൽ ജില്ലകളിൽ ഓരോ ഇനവും ലഭ്യമാകുന്ന നിരക്കുകളെ വിശകലനം ചെയ്ത് നിരക്ക് നിശ്ചയിക്കുവാനാണ് സബ്സിഡി മാർഗ്ഗ രേഖ നിർദ്ദേശിക്കുന്നത്. ഇപ്രകാരം നിശ്ചയിച്ച നിരക്കിന് ആനുപാതികമായ നിരക്കിലായിരിക്കണം സബ്സിഡി നൽകേണ്ടത്. ഇതിൽ കൂടിയ നിരക്കിലാണ് വളം ലഭ്യമാകുന്നതെങ്കിലും ജില്ലാ തലത്തിൽ നിശ്ചയിച്ച നിരക്കിന് ആനുപാതികമായി മാത്രമാണ് സബ്സിഡി നൽകാവുന്നത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇൻ വോയ്സ് നമ്പർ | അളവ് | ആകെ വില | ആസൂത്രണ സമിതി നിശ്ചയിച്ച നിരക്ക് പ്രകാരമുള്ള വില | സബ്സിഡി തുക | | |
|---|---|---|---|---|---|---|---|
| | | | | | അനുവദിച്ചത് | അനുവദി ക്കാവുന്നത് | അധികം |
| 1. | 1 | 3502.40 | 50959.92 (3502.40 x 14.55 ) | 29770.4 (3502.40 x8.50 ) | 38208 (38219.94 രൂ.പരിമിതപ്പെടുത്തിയത്) | 22327.8 | 15880.2 |
| 2. | 2 | 2358.40 | 34314.72 (2358.40 x 14.55) | 20046.4 (2358.40 x8.50) | 25728 (25736.04 രൂ.പരിമിതപ്പെടുത്തിയത്) | 15034.8 | 10693.2 |
| 3. | 3 | 1839.20 | 26760.36 (1839.20x 14.55) | 15633.2 (1839.20x 8.50) | 20064 (20064.27രൂ. പരിമിതപ്പെടുത്തി) | 11724.9 | 8339.1 |
| | ആകെ | | | | 84000 | | 34912.5 |

ക്രമ പ്രകാരമല്ലാതെ സബ്സിഡി അനുവദിക്കുകവഴി അധികചെലവായ തുക തിരിച്ചടച്ച് വിവരം അറിയിക്കാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിർണ്ണയിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

## 1-23 ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ പ്രവൃത്തിയിൽ 22,113/-രൂപയുടെ അധികച്ചെലവ് -ഓഡിറ്റ് കണ്ടെത്തലിനെത്തുടർന്ന് തിരിച്ചടച്ചു - ഓഡിറ്റ് ഇംപാക്ട്

ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കുന്ന മരാമത്തു പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ്ജ് അനുവദിക്കാമെന്നും ടി പ്രവൃത്തികളുടെ നികുതി ബാദ്ധ്യത ഗുണഭോക്തൃസമിതികൾക്ക് തന്നെ ആയിരിക്കുമെന്നും 29.02.2016-ലെ 30/2016/ധന നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിരുന്നു. 01.07.2017 മുതൽ വാറ്റിനു പകരം ജി.എസ്.ടി. നിലവിൽ വന്നതിനാൽ ഗുണഭോക്തൃസമിതി വർക്കുകളിൽ വാറ്റ് ഒടുക്കേണ്ടതില്ലെന്നും, പ്രസ്തുത വാറ്റിനത്തിലുള്ള 5% തുക ബില്ലിൽ കുറവു ചെയ്ത് ശേഷിച്ച തുക മാത്രം കൺവീനർക്ക് നൽകിയാൽ മതിയെന്നും 16.03.18-ലെ DB3/9058/CE/തസ്വഭവ നമ്പർ കത്തു പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2018-19 വർഷം ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ താഴെപ്പറയുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 10% ഓവർഹെഡ് ചാർജ്ജ് അനുവദിക്കുകയും, ഫൈനൽ ബില്ലിൽ ഈയിനത്തിൽ അധികം ഉൾപ്പെടുത്തിയ 2.5% തുകയും, വാറ്റ് അടക്കേണ്ടതില്ലാത്തതിനാൽ

കുറവുചെയ്യേണ്ട 5% തുകയും ഉൾപ്പെടെ 7.5% തുക കുറവു ചെയ്യാതെ ഫൈനൽ ബിൽ തുക അനുവദിക്കുകമൂലം കൺവീനർക്ക് താഴെപ്പറയും പ്രകാരം അധികം തുക നൽകാൻ ഇടയായിട്ടുണ്ട്.

| | |
|---|---|
| പ്രവൃത്തിയുടെ പേരും പ്രോജക്ട് നമ്പരും | കള്ളിക്കാട്ട്പടി-വാരണേത്ത് പടി റോഡ് റീ ടാറിംഗ് (പ്രോജക്ട് നം. 110/17-18) |
| എഗ്രിമെന്റ് നം./തീയതി | 33/16-17/25.03.17 |
| കൺവീനർ | ശ്രീ.സുരേഷ്കുമാർ |
| അളവുപുസ്തക നമ്പർ | 96/17-18 |
| ഫൈനൽ ബിൽ നം./തീയതി | 5, 6/31.05.18 |
| വർക്കിന്റെ ആകെ മൂല്യം | 294836 |
| ഓവർഹെഡ് ചാർജ്ജിനത്തിൽ കുറവു ചെയ്യേണ്ടിയിരുന്ന തുക (7.5%) | 294836x7.5% =22113/- |
| കൺവീനർക്ക് അധികം നൽകിയ തുക | 22113/- |

നിയമവിധേയമല്ലാതെ കൺവീനർക്ക് അധികം തുക അനുവദിച്ചതിൻമേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം (8/17.10.19) നൽകിയതിനെ തുടർന്ന് അധികചെലവായ 22113/- രൂപ പഞ്ചായത്തിൽ തിരിച്ചടച്ച് രസീത് ഹാജരാക്കി (രസീത് നം.11901010221 5/12.11.19). ഈ തുക ബന്ധപ്പെട്ട ഹെഡ്ഡിൽ ഒടുക്കിവിവരം അറിയിക്കേണ്ടതാണ്.

## 1-24 ടെണ്ടർ കുറവ് വരുത്താതെ തുക അനുവദിക്കുകമൂലം അധികച്ചെലവ് - ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് തിരിച്ചടച്ചു

2018-19 വർഷം ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ താഴെപ്പറയുന്ന മരാമത്തു പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ കരാറുകാരൻ ക്വാട്ട് ചെയ്തിരുന്ന ടെണ്ടർ കുറവ് വരുത്താതെ തുക അനുവദിക്കുകമൂലം അധികച്ചെലവുണ്ടായി.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | കണ്ടത്തിൽ തുണ്ടി - പരിശ്രുംമൂട്ടിൽ റോഡ് കോൺക്രീറ്റിംഗ് |
| പ്രോജക്ട് നം. | 108/17-18 |
| കരാറുകാരൻ | ശ്രീ.റ്റി.ബി.സക്കറിയ |
| എഗ്രിമെന്റ് നം. | 37/17-18/20.03.18 |
| കരാറുകാരൻ രേഖപ്പെടുത്തിയിരുന്ന ടെണ്ടർ കുറവ് | 2% |
| അളവു പുസ്തക നം. | 85/17-18 |
| വർക്കിന്റെ ആകെ മൂല്യം | 73376/- (ബിൽ നം. 3/30.05.18) |
| ടെണ്ടർ കുറവിനത്തിൽ കുറവു ചെയ്യേണ്ടിയിരുന്ന തുക | 73376x2% = 1468/- |

ഇതു സംബന്ധമായി ഓഡിറ്റ് അന്വേഷണം (നം. 9/17.10.19) നൽകിയതിനെ തുടർന്ന് അധികം നൽകിയ തുക പഞ്ചായത്തിൽ തിരിച്ചടച്ച് രസീത് ഹാജരാക്കി (രസീത് നം. 11901010 2049/21.10.19). ഈ തുക ബന്ധപ്പെട്ട ഹെഡ്ഡിൽ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-25 നെൽകൃഷി വികസനം - നെൽവിത്ത് വിതരണരേഖകൾ ലഭ്യമാക്കിയില്ല

പ്രോജക്ട് നമ്പർ - SOO 53/19

അടങ്കൽ - 2645512/- (വികസനഫണ്ട് 1060856 +

ബ്ലോക്ക് ഷെയർ - 250000 + ജില്ലാ ഷെയർ - 273200

ഗുണഭോക്തൃവിഹിതം - നേരിട്ട് -1061456)

| ബിൽ നമ്പർ | തുക |
|---|---|
| 3/ 30.11.18 | 364592/- |
| 10/ 5.2.19 | 87600/- |
| 15/ 28.2.19 | 97459/- |
| 16/ 28.2.19 | 99437/- |
| 17/ 28.2.19 | 99501/- |
| 18/ 2.3.19 | 14656/- |
| 19/ 2.3.19 | 27555/- |
| 20/ 2.3.19 | 97792/- |
| 21/ 2.3.19 | 95291/- |
| 23/ 15.3.19 | 55744/- |
| 26/ 25.3.19 | 21126/- |

നെൽകൃഷി വികസനം പ്രോജക്ടിലുൾപ്പെടുത്തി 1060753/- രൂപ ചെലവഴിച്ചതിൽ 522592/- രൂപ നെൽവിത്ത് വാങ്ങുന്നതിനും 538161/- രൂപ കൂലി ചെലവ് നൽകുന്നതിനുമായാണ് ചെലവഴിച്ചിട്ടുള്ളത്. 223 ഗുണഭോക്താക്കളുടെ പേരും അവർക്ക് അർഹമായ നെൽവിത്തിന്റെ അളവും രേഖപ്പെടുത്തിയ ഒരു പത്രിക ഓരോ ട്രഷറി ബില്ലിനൊപ്പവും സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഗുണഭോക്താക്കളാരും തന്നെ നെൽവിത്ത് കൈപ്പറ്റിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നെൽവിത്തുകൾ പാടശേഖര സമിതി കൺവീനറൻമാരാണ് കൈപ്പറ്റിയിട്ടുള്ളത്. രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അനവേഷണം 22/22.10.19 നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ വിതരണരേഖകൾ ലഭ്യമക്കുന്നതാണെന്നാണ് അറിയിച്ചത്. വിതരണരേഖകൾ ലഭ്യമാക്കുന്നത് വരെ 522592/- രൂപ യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഓരോ ബില്ലുകൾ പ്രകാരവും വാങ്ങിയ നെൽവിത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ | വാങ്ങിയ നെൽവിത്തിന്റെ വിശദാംശം | വിതരണ വിവരം | റിമാർക്ക്സ് |
|---|---|---|---|---|
| 1. | 3/30.11.18 364592/- (9114.8 x 40) | 10000 kg | 181 ഗുണഭോക്താക്കൾക്കായി 9114.8 kg വിതരണം ചെയ്തു | നെൽവിത്തിൽ ബാക്കിയുള്ള 518.8 kg കർഷകർ ആവശ്യപ്പെട്ടതു പ്രകാരം അധികമായി വാങ്ങിയതാണ്. |
| 2. | 18/2.3.19 14656/- (366.4 x 40) | kg | ബിൽ നമ്പർ 3 പ്രകാരം വാങ്ങിയ 10000 kgയിൽ ബാക്കിയുണ്ടായിരുന്ന 885.2 kg യിൽ നിന്ന് | |

| | | | | |
|---|---|---|---|---|
| | | | 366.4 kg 9ഗുണഭോക്താക്കൾക്കായി വിതരണം ചെയ്തു | ഇതിന് സബ്സിഡി നൽകിയിട്ടില്ല |
| 3. | 10/5.2.19 87600/- | 2190 kg | 16 ഗുണഭോക്താക്കൾക്കായി 2190 kg യും വിതരണം ചെയ്തു | |
| 4. | 23/15.3.19 55744/- | 2000 kg | 17ഗുണഭോക്താക്കൾക്കായി 1393.6 kg വിതരണം ചെയ്തു | 606.4 kg കർഷകർ ആവശ്യപ്പെട്ടതു പ്രകാരം അധികമായി വാങ്ങിയതാണ്. ഇതിന് സബ്സിഡി നൽകിയിട്ടില്ല |
| ആകെ | 522592/- | | | |

# 1-26 ഉത്പാദന ബോണസിന്റെ വിതരണത്തിൽ അപാകത.

ഉത്പാദന ബോണസിനത്തിൽ 2014-15 വർഷത്തേതായി 114777/- രൂപയും, 2015-16 വർഷത്തേതായി 85223/- രൂപയും ഉൾപ്പെടെ ആകെ 200000/- രൂപ 2018-19 വർഷം വിതരണം ചെയ്തിരുന്നു. കൃഷി ഓഫീസർ ലഭ്യമാക്കിയ ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക സെക്രട്ടറി പിൻവലിച്ച് നൽകുകയാണുണ്ടായത്. (ട്രഷറി ബിൽ നം.31/20.03.2019). ഇപ്രകാരം തുക പിൻലവിച്ച് നൽകിയ ഗുണഭോക്താക്കളുടെതായി ഹാജരാക്കിയ വിതരണ സ്റ്റേറ്റ്മെന്റിൽ താഴെപ്പറയുന്ന ന്യൂനതകൾ ഉണ്ട്.

1) <u>ഒന്നിലധികം വ്യക്തികൾക്ക് ഒരേബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകിയിരിക്കുന്നു.</u>

| ഗുണഭോക്താവിന്റെ പേര് | ലിസ്റ്റിലെ ക്രമ നം. | അക്കൗണ്ട് നം. | തുക | ബാങ്ക് |
|---|---|---|---|---|
| ദാമോദര പണിക്കർ | 50 | 12050100007294 | 1312 | ഫെഡറൽ ബാങ്ക് |
| രാജമ്മ.കെ.കെ | 52 | 12050100007294 | 188 | ഫെഡറൽ ബാങ്ക് |

2) <u>ഒരേ വ്യക്തിയുടെ പേര് ലിസ്റ്റിൽ രണ്ട് തവണ ഉൾപ്പെടുത്തി ആനുകൂല്യം നൽകി.</u>

| ഗുണഭോക്താവിന്റെ പേര് | അക്കൗണ്ട് നം. | ബാങ്കിന്റെ പേര് | നൽകിയ തുക | സർവ്വേ നം. | ലിസ്റ്റിലെ ക്രമ നം. |
|---|---|---|---|---|---|
| ഗോപാലൻ.എം.ജി | 40559100004959 | കേരള ഗ്രാമീൺ ബാങ്ക് | 548 | 405/8 | 98, 112 |

3) <u>ഒരേ സർവ്വേ നമ്പരിലുള്ള ഭൂമിക്ക് ഒന്നിലധികം പേർക്ക് ആനുകൂല്യം</u>

| ഗുണഭോക്താവിന്റെ പേര് | സർവ്വേ നം. | അക്കൗണ്ട് നം. | നൽകിയ തുക | ബാങ്കിന്റെ പേര് | ലിസ്റ്റിലെ ക്രമ നം. |
|---|---|---|---|---|---|
| സത്യൻ രാഘവൻ | 357/3-1 | 12050100100388480 | 480 | ഫെഡറൽ ബാങ്ക് | 1 |
| ദീപ്തി രഘുനാഥൻ | 357/3-1 | 20420100011363 | 80 | ഫെഡറൽ ബാങ്ക് | 15 |

അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/21.10.19) ദാമോദര പണിക്കരുടെ ജോലിക്ക് അക്കൗണ്ടിൽ രാജമ്മയുടെ പേരു കൂടി ഉൾപ്പെട്ടതിനാലാണ് ആനുകൂല്യം നൽകിയതെന്നും, ശ്രീ.ഗോപാലൻ.എം.ബി എന്ന കർഷകന്റെ രണ്ട് അപേക്ഷ ഉണ്ടായതിനാലാണ് രണ്ടു തവണ ആനുകൂല്യം നൽകിയതെന്നും കൃഷി ഓഫീസർ മറുപടി നൽകി. എന്നാൽ പ്രസ്തുത മറുപടിയുടെ നിജസ്ഥിതി പരിശോധിക്കുന്നതിനായി ബാങ്ക് അക്കൗണ്ട് പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഒരേ വ്യക്തിക്ക് ഒരേ കാലയളവിലെ ഉത്പാദന ബോണസിനത്തിൽ അധികം നൽകിയ 548/- രൂപ തിരികെ ഈടാക്കേണ്ടതാണ്. ക്രമ നം. (1), (3) പ്രകാരമുള്ള അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം ഹാജരാക്കാത്തതിനാൽ പരാമർശിത ഗുണഭോക്താക്കൾക്കായുള്ള 2060/- രൂപയുടെ ചെലവ് (1312 + 188 + 480 + 80) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-27 വിരമിച്ച ജീവനക്കാരന്റെ ബാധ്യതയിനത്തിൽ ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കിയ തുക പഞ്ചായത്തിൽ ഒടുക്കു വന്നതിന് രേഖയില്ല

തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരിക്കെ 14.06.1995-ൽ സസ്പെൻഷനിലാവുകയും, പിന്നീട് തിരികെ സർവ്വീസിൽ പ്രവേശിപ്പിക്കപ്പെട്ട ശേഷം കണ്ണൂർ ജില്ലയിലെ മുഴക്കുന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി 31.11.2002-ൽ സേവനത്തിൽ നിന്നും വിരമിക്കുകയും ചെയ്ത ശ്രീ.എ.ഗോപിനാഥന്റെ ഡി.സി.ആർ.ജി.യിൽ നിന്നും കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 1,17,040/- രൂപ ഈടാക്കി തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ ചെങ്ങന്നൂർ സബ് ട്രഷറിയിലുള്ള VPF അക്കൗണ്ടിലേക്ക് ഒടുക്കിയതായി അറിയിച്ചിരുന്നു. ശ്രീ. ഗോപിനാഥന്റെ തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിലുള്ള സർവ്വീസ് ബാധ്യതയിനത്തിലാണ് ഈ തുക 04.03.15 ലെ എ2-8843/02(1) നമ്പർ ഉത്തരവുപ്രകാരം ലഭ്യമാക്കിയിരുന്നത്. എന്നാൽ പ്രസ്തുത തുക പഞ്ചായത്ത് അക്കൗണ്ടിൽ വരവു വന്നിട്ടില്ലെന്ന് 24.11.17-ലെ എ4-81/17-ാം നമ്പർ കത്തു മുഖേന കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ അറിയിച്ചതായാണ് ഫയലിലെ രേഖ. മുൻ ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. ഗോപിനാഥന് ചുമത്തിയ വകുപ്പുതല ബാധ്യതക്കെതിരെ ടിയാൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA No.1365/2017 കേസിൽ ടിയാന് അർഹതപ്പെട്ട മുഴുവൻ ഡി.സി.ആർ.ജി.യും 01.01.2014 മുതൽ 9% പലിശ സഹിതം അനുവദിച്ച് 07.09.2018-ൽ ഉത്തരവായിരുന്നു. 25.11.2017-ൽ ശ്രീ.ഗോപിനാഥൻ മരണപ്പെട്ടതിനാൽ ടിയാന്റെ അനന്തരാവകാശികൾക്ക് ട്രിബ്യൂണൽ വിധിയുടെ അടിസ്ഥാനത്തിൽ ഡി.സി.ആർ.ജി അനുവദിച്ച് കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 03.10.2018-ലെ എ2-8848/02 നമ്പരായി ഉത്തരവായിട്ടുള്ളതാണ്. എന്നാൽ ഡി.സി.ആർ.ജി-യിനത്തിൽ ടിയാനിൽ നിന്നും ഈടാക്കി ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കിയിരുന്ന തുക അക്കൗണ്ടിൽ ക്രഡിറ്റ് വരാതിരുന്നതുമൂലം നൽകുവാൻ കഴിഞ്ഞിട്ടില്ല. കൂടാതെ ശ്രീ. ഗോപിനാഥന്റെ ബാധ്യതയായി പഞ്ചായത്ത് നിശ്ചയിച്ചിരുന്ന തുകയൊന്നും ഈടാക്കുവാനും കഴിഞ്ഞിട്ടില്ല. മേൽ വിഷയ സംബന്ധമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ (എൻക്വയറി നം.20/21.10.19) കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ VPF അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി പറയുന്ന 1,17,040/- രൂപ പഞ്ചായത്തിൽ ക്രഡിറ്റ് വന്നതായി കാണുന്നില്ലെന്ന് സെക്രട്ടറി മറുപടി നൽകി. വിഷയത്തിൽ അന്വേഷണം നടത്തി തുടർനടപടി സ്വീകരിക്കുന്നതിലേക്ക് ഭരണവകുപ്പിനോട് ശുപാർശ ചെയ്യുന്നു.

## 1-28 ദേശീയ തൊഴിലുറപ്പ് പദ്ധതി - മാർഗ്ഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായി കരാറുകാരന് അധികം നൽകിയ തുക ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് തിരികെ ഈടാക്കി - ഓഡിറ്റ് ഇംപാക്ട്.

ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 2018-19 വർഷം നടപ്പാക്കിയതും CPWD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതുമായ താഴെപ്പറയുന്ന റോഡ് വർക്കുകൾക്കായി ക്വട്ടേഷൻ

ക്ഷണിച്ച് കരാറുകാരനിൽ നിന്നും സാധനങ്ങൾ വാങ്ങിയിരുന്നു. ടി പ്രവൃത്തികൾക്കായി കരാറുകാരൻ സപ്ലൈ ചെയ്ത 40mm മെറ്റലിന്റെ സ്റ്റാക്ക് ചെയ്ത അളവിൽ നിന്നും നിയമാനുസൃതം വോയ്ഡ്സ് ഇനത്തിൽ 7.5% കുറവ് ചെയ്ത് ശേഷിച്ച അളവിനാണ് കരാറുകാരന് തുക നൽകേണ്ടിയിരുന്നത്. (CPWD Specification code: 1 – 27 – 2 –3). എന്നാൽ ഈയിനത്തിൽ കുറവൊന്നും വരുത്താതെ തുക അനുവദിക്കുകവഴി താഴെപ്പറയും പ്രകാരം അധികച്ചെലവുണ്ടായിട്ടുണ്ട്.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | സപ്ലൈ ചെയ്ത 40mm മെറ്റലിന്റെ അളവ് ($m^3$) | തുക നൽകേണ്ടിയിരിക്കുന്ന അളവ് ($m^3$) | അനുവദിച്ച തുക @ 1932/$m^3$ | അനുവദനീയമായ തുക @ 1932/$m^3$ | അധികം | അളവ് പുസ്തക നം. |
|---|---|---|---|---|---|---|---|---|
| 1 | അമ്പാട്ടിൽപടി- അടിശ്ശേരിൽ റോഡ് കോൺക്രീറ്റിംഗ് | അജയ കുമാർ.ആർ | 37.68 | 34.85 | 72798 | 67330 | 5468 | 93/18-19 |
| 2 | ഇടയാടിപടി - മഞ്ചേരിൽപടി റോഡ് കോൺക്രീറ്റിംഗ് | അജയ കുമാർ.ആർ | 30 | 27.75 | 57960 | 53613 | 4347 | 90/18-19 |
| | | | | | | ആകെ | 9815/- | |

നിയമാനുസൃതമല്ലാതെ കരാറുകാരന് അധികം തുക അനുവദിച്ചതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം.16/19.10.19) നൽകിയതിനെ തുടർന്ന് 9815/- രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി രസീത് ഹാജരാക്കി (രസീത് നം.119010102055/22.10.19) തുക ബന്ധപ്പെട്ട ഹെഡിൽ തിരിച്ചടക്കാൻ പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-29 തനത് ഫണ്ട് ചെലവുകളുടെ വൌച്ചറുകൾ പ്രളയത്തിൽ നഷ്ടപ്പെട്ടു.

2018-19 സാമ്പത്തിക വർഷത്തിലെ ഏപ്രിൽ, മേയ്, ജൂൺ, ജൂലായ് മാസങ്ങളിലായി തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുകകളുടെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കുകയുണ്ടായില്ല. പ്രസ്തുത മാസങ്ങളിൽ ചെലവഴിച്ച തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മാസം | വൌച്ചറുകളുടെ ക്രമനമ്പർ | ആകെ തുക |
|---|---|---|---|
| 1 | ഏപ്രിൽ | 1 മുതൽ 52 വരെ | 10,74,730 |
| 2 | മേയ് | 53 മുതൽ 119 വരെ | 10,21,877 |
| 3 | ജൂൺ | 120 മുതൽ 181 വരെ | 15,70,600 |
| 4 | ജൂലായ് | 182 മുതൽ 242വരെ | 16,84,859 |
| ആകെ | | | 53,52,066 |

മേൽ സൂചിപ്പിച്ച ക്രമനമ്പരുകൾ പ്രകാരമുള്ള വൌച്ചറുകളിലായി ആകെ 53,52,066/- രൂപയുടെ ചെലവുകൾ നടത്തിയിട്ടുള്ളതായി ബിൽ രജിസ്റ്റർ പ്രകാരം ബോധ്യപ്പെട്ടു. എന്നാൽ പ്രസ്തുത ചെലവുകൾക്കാധാരമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. പരിശോധനയ്ക്കായി 8/2018 മുതൽ 3/2019 വരെയുള്ള കാലഘട്ടങ്ങളിലെ ചെലവുകളുടെ വൌച്ചർ മാത്രമേ അധികൃതർ ഹാജരാക്കിയിട്ടുള്ളൂ. ലഭ്യമാക്കാനുള്ള ചെലവ് രേഖകൾ അടിയന്തിരമായി പരിശോധനയ്ക്ക് നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അറിയിച്ചുകൊണ്ട് 05.10.2019 ൽ ഓഡിറ്റ് എൻക്വയറി (എൻക്വയറി നം.2) നല്കിയിരുന്നു. പ്രസ്തുത രേഖകൾ പ്രളയത്തിൽ നഷ്ടപ്പെട്ടതാണെന്ന് അധികൃതർ വിശദീകരണം നല്കിയിരുന്നു. ആയതിനാൽ പ്രസ്തുത ചെലവ് രേഖകൾ ഓഡിറ്റിന് പരിശോധിക്കാൻ സാധിച്ചില്ല.

## 1-30 പദ്ധതികളുടെ ടെൻഡർ, ലേലം, ക്വട്ടേഷൻ നടപടിക്രമങ്ങൾക്ക് പത്രപ്പരസ്യം നല്കിയത് നിർദ്ദിഷ്ട "വിൻഡോ" തരത്തിലല്ല.

2018-19 സാമ്പത്തിക വർഷം തിരുവൻവണ്ടൂർ ഗ്രാമ പഞ്ചായത്ത് വാർഷിക പദ്ധതികളുമായി ബന്ധപ്പെട്ട് ടെൻഡറുകൾ നടത്തുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | പത്രത്തിന്റെ പേര് | പരസ്യങ്ങളുടെ വിശദാംശം | പരസ്യത്തിന്റെ വലിപ്പം (സെന്റീ മീറ്ററിൽ) | | ആകെ (സെന്റീമീറ്റർ സ്ക്വയറിൽ) | നിരക്ക് | ആകെ (SGST&CGST @2.5 ഉൾപ്പെടെ) | ചെക്ക് നമ്പർ/ തീയതി |
|---|---|---|---|---|---|---|---|---|
| | | | നീളം | വീതി | | | | |
| 27.09.18 | ദേശാഭിമാനി | വാർഷിക പദ്ധതികളുടെ ടെൻഡർ. | 4 | 8 | 32 | 180 (15% കിഴിവ്) | 5141 (sgst-122 cgst-122) | 011702 20.03.19 |
| 21.11.18 | ദേശാഭിമാനി | വാർഷിക പദ്ധതികളുടെ ടെൻഡർ. | 4.5 | 8 | 36 | 180 (15% കിഴിവ്) | 5783 (sgst-138 cgst-138) | 011702 20.03.19 |
| 22.01.19 | ദേശാഭിമാനി | വാർഷിക പദ്ധതികളുടെ ടെൻഡർ | 5 | 8 | 40 | 180 (15% കിഴിവ്) | 6426 (sgst-153 cgst-153) | 011702 20.03.19 |
| 24.01.19 | ദേശാഭിമാനി | വാർഷിക പദ്ധതികളുടെ ടെൻഡർ | 4 | 8 | 32 | 180 (15% കിഴിവ്) | 5141 (sgst-122 cgst-122) | 011702 20.03.19 |
| | | **ആകെ** | | | | | **22491** | |

പൊതുഭരണ (ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് -ഡി) വകുപ്പിന്റെ 7441/ഡി-1/04 ഐ ആന്റ് പി ആർ. 21.06.04 ലെ സർക്കുലർ പ്രകാരം ദർഘാസ് പരസ്യങ്ങൾ "വിൻഡോ" രൂപത്തിൽ (24ച.സെ.മീ.വലിപ്പം) മാത്രമായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ നടത്തിയ ടെൻഡർ, വാങ്ങലുകൾ എന്നിവയ്ക്ക് പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടില്ല എന്നത് കാരണം പരസ്യം പ്രസിദ്ധീകരിച്ച ഇനത്തിൽ വലിയ സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ട്. പരസ്യങ്ങൾ നല്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളിൽ സംഭവിച്ച വീഴ്ചകളിൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-31 അറ്റകുറ്റപ്പണി നടത്തിയ തെരുവ് വിളക്കുകളുടെ എണ്ണവും തരവും കെ.എസ്.ഇ.ബി.യുടെ താരിഫ് കാർഡ് അനുസരിച്ചുള്ള തെരുവ് വിളക്കുകളുടെ എണ്ണവും തരവുമായി പൊരുത്തപ്പെടുന്നില്ല - കറണ്ട് ചാർജ്ജിനത്തിൽ അധിക ചെലവ്

കെ.എസ്.ഇ.ബി.ഇലക്ട്രിക്കൽ സെക്ഷൻ 08.04.2019 ൽ നൽകിയ ബിബി/പഞ്ചായത്ത്/19-20 കത്ത് പ്രകാരം ഗ്രാമപഞ്ചായത്തിൽ ഓർഡിനറി ബൾബുകളും, ഫ്ലൂറസെന്റ് ട്യൂബുകളും, സോഡിയം വേപ്പർ ലാമ്പുകളും, സി.എഫ്.എൽ ലാമ്പുകളുമാണ് ഉള്ളത്. ഇവയെല്ലാമായുള്ള പ്രതിമാസ കറണ്ട് ചാർജ്ജിനത്തിൽ 106647/- രൂപയാണ് ഗ്രാമപഞ്ചായത്ത് ഒടുക്ക് വരുത്തുന്നത്. എന്നാൽ തെരുവ് വിളക്ക് അറ്റകുറ്റപ്പണി നടത്തിയതുമായി ബന്ധപ്പെട്ട രേഖകൾ പ്രകാരം 127 എൽ.ഇ.ഡി.ബൾബുകളും (@ 530) 200 ട്യൂബുകളും (@ 630) 427 ബൾബുകളും (@ 103.5) അറ്റകുറ്റപ്പണി നടത്തിയതിനാണ് 2,37,500/- രൂപ കെ.വി.അനിൽ കുമാർ, കല്ലുപ്പാറ പുത്തൻവീട് എന്നയാൾക്ക് (പ്രോജക്ട് നമ്പർ - S0007/19 അടങ്കൽ - 4,75,000/- ധനകാര്യകമ്മീഷൻ ഗ്രാന്റ്, ചെലവ് ബിൽ നമ്പർ - 16/14.1.19 –2,37,500/-) നൽകിയിട്ടുള്ളത്. കരാറുകാരനുമായി ഗ്രാമപഞ്ചായത്ത് ഉണ്ടാക്കിയ A2/1/2018-19 dtd 17.10.18 കരാറിലെ 33 -ാം നമ്പർ വ്യവസ്ഥ പ്രകാരം ഗ്രാമപഞ്ചായത്ത് അതിർത്തിക്കുള്ളിൽ സ്ഥാപിച്ചിട്ടുള്ള 13 വാർഡുകളിലെ എൽ.ഇ.ഡി. ബൾബ് 9 w 530, സിങ്കിൾ ട്യൂബ് സെറ്റ് 630, 33/24 വാട്ട്സ് എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റ് 840 എന്നിവ ഉൾപ്പെടുന്ന തെരുവ് വിളക്ക് ശൃംഖല ആവശ്യമുള്ളപ്പോൾ റിപ്പയർ ചെയ്ത് രാത്രി സമയത്ത് മുടക്കം കൂടാതെ പ്രകാശിപ്പിക്കുന്നതിനാണ് കരാറിലേർപ്പെട്ടിട്ടുള്ളത്. ഇതിൽ നിന്നും നിലവിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഓർഡിനറി ബൾബുകളും സോഡിയം വേപ്പർ ലാമ്പുകളും ഇല്ലെന്നാണ് വ്യക്തമാകുന്നത്. എന്നാൽ ഇത്തരമിനം വിളക്കുകൾക്കായി ഉയർന്നനിരക്കിൽ വൈദ്യുത ച്രജ്ജ് ഗ്രാമപഞ്ചായത്തിന്റെ ഫണ്ടിൽ നിന്ന് ചെലവഴിച്ച കൊണ്ടിരിക്കുകയാണ്. തൻവർഷം അറ്റകുറ്റപ്പണി നടത്തിയ വിളക്കുകളുടെ ഇനങ്ങൾ പരിശോധിച്ചാൽ മുൻ വർഷങ്ങളിലെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി പഞ്ചായത്തിലെ സാധാരണ ബൾബുകളുള്ള തെരുവ് വിളക്കുകൾക്ക് പകരം സി.എഫ്.എൽ/ എൽ.ഇ.ഡി ബൾബുകൾ സ്ഥാപിച്ചിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. എന്നാൽ കറണ്ട് ചാർജ്ജിൽ ഇതിനാനുപാതികമായ കുറവ് ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുമില്ല. ഇതിന് പുറമെ ഉയർന്ന നിരക്കിൽ വൈദ്യുതി ചാർജ്ജ് ഒടുക്കേണ്ടി വരുന്ന ഫ്ലൂറസെന്റ് ട്യൂബുകൾ നിലവിലും ഗ്രാമപഞ്ചയത്തിൽ ഉപയോഗിക്കുന്നതായി കരാറുകാരൻ ലഭ്യമാക്കിയ രേഖകളിൽ നിന്ന് മനസ്സിലാക്കാം. ഉയർന്ന നിരക്കിൽ വൈദ്യുതി ചാർജ്ജ് ഒടുക്കേണ്ടി വരുന്ന ഫ്ലൂറസെന്റ് ട്യൂബുകളുടെ ഉപയോഗം ക്രമാനുഗതമായി കുറച്ച് വൈദ്യുത ചാർജ്ജ് കുറവുള്ള എൽ.ഇ.ഡി. ലാമ്പുകൾ ഉപയോഗിക്കുന്നതിനുള്ള നടപടികൾ ഗ്രാപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സംയുക്ത പരിശോധന നടത്തുന്നതിന് സ്വീകരിച്ച നടപടികൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് അനവേഷണം 23/ 22.10.19 ന് ലഭ്യമാക്കിയ മറുപടിയിൽ സംയുക്ത പരിശോധന പരിശോധന നടത്തുന്നതിനുള്ള തീയതി നിശ്ചയിച്ച് അറിയിക്കണമെന്ന് കാണിച്ച് ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 12.4.19 ലെ 2(1) നമ്പർ തീരുമാനത്തോടൊപ്പം കത്ത് നൽകിയിരുന്നതായും എന്നാൽ കെ.എസ്.ഇ.ബി. അധികാരികളുടെ ഭാഗത്ത് നിന്ന് ഇത് സംബന്ധിച്ച അറിയിപ്പൊന്നും ലഭിക്കാതിരുന്നതിനാൽ 18.10.2019 ൽ വീണ്ടും കത്ത് നൽകിയിരുന്നതായാണ് അറിയിച്ചത്. സംയുക്ത പരിശോധന നടത്തി നിലവിലെ തെരുവ് വിളക്കുകളുടെ എണ്ണത്തിനും ഇനത്തിനും ആനുപതികമായി കറണ്ട് ചാർജ്ജ് പുന:നിർണ്ണയിച്ചും മീറ്ററിങ് ഏർപ്പെടുത്തിയും തെരുവ് വിളക്കുകളുടെ കറണ്ട് ചാർജ്ജ് കുറയ്ക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-32 പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ – വിനിയോഗ ശേഷം ബാക്കിയുള്ള തുക വാട്ടർ അതോറിറ്റി തിരിച്ച് നൽകിയില്ല

പ്രോജക്റ്റ് നമ്പർ - SOO 98/19

അടങ്കൽ - 3,67,005/- ധനകാര്യകമ്മീഷൻ ഗ്രാന്റ്

ചെലവ് -ബിൽ നമ്പർ - 11/ 23.10.18 – 3,52,197/-

നിർവ്വഹണം - സെക്രട്ടറി

വാർഡ് - 3 ലെ പുന്നാറ്റുശ്ശേരിൽ - വെട്ടിക്കൽപ്പടി - തോപ്പിൽപ്പടി - വടക്കേൽകുറ്റ്പ്പടി, വാർഡ് - 11 ലെ ഇടശ്ശേരിയത്ത്പ്പടി - വാഴത്തറപ്പടി - പി.ഐ.പി.കനാൽ ജം. - വാല്യപറമ്പിൽപ്പടി എന്നിവിടങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനുള്ള എസ്റ്റിമേറ്റ് അനുസരിച്ച് 3,52,197/- രൂപ (ബിൽ ബുക്ക് പ്രകാരം 3,60,000/- പിൻവലിച്ചുവെങ്കിലും സെന്റേജ് ചാർജ്ജിനത്തിൽ അധികമായി വാങ്ങിയ 7803/- രൂപ 27.12.18 ൽ ഗ്രാമപഞ്ചായത്തിന് തിരികെ നൽകി) നിക്ഷേപിച്ചിരുന്നു. ഈ പ്രവർത്തി പൂർത്തിയതായി വാട്ടർ അതോറിറ്റി വിനിയോഗ സാക്ഷ്യപത്രം നൽകിയെങ്കിലും ഇത് പ്രകാരം 2,99,403/- രൂപ മാത്രമാണ് ചെലവുണ്ടായത്. വാട്ടർ അതോറിറ്റിയുടെ കൈവശമുള്ള 52794/- രൂപ തിരിതെ ലഭിക്കുന്നതിനായി 13.6.19 ലും 19.9.19 ലും എ2-3480/18 നമ്പരായി കത്ത് നൽകിയെങ്കിലും തുക തിരികെ ലഭിച്ചിട്ടില്ല. ഭരണസമിതിയുടെ സത്വര ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാവേണ്ടതാണ്.

## 1-33 വിവിധ പ്രവർത്തികൾക്കായി കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങളിൽ മുൻ വർഷങ്ങളിൽ നിക്ഷേപിച്ച തുകയുടെ പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല

ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷിക ധനവിവര പത്രികയിലെ ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂളിലെ അഡ്വാൻസ് റ്റു ഇപ്ലിമെന്റിങ് ഓഫീസേഴ്സ് എന്ന ഹെഡിൽ കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങളിൽ യഥാക്രമം 621256/- രൂപയും 8,62,834/- രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്. അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2014-15 മുതൽ 2017-18 വരെയുള്ള വർഷങ്ങളിൽ വിവിധ പ്രവർത്തികൾക്കായി നിക്ഷേപിച്ച തുകകളാണിതെന്ന് കാണുന്നു. അഞ്ച് വർഷങ്ങൾക്ക് മുൻപ് നിക്ഷേപിച്ച പ്രവർത്തികളുടെ പൂർത്തീകരണവിവരം പോലും ലഭ്യമല്ലാതെ ഇപ്പോഴും ബാലൻസ് ഷീറ്റിൽ അഡ്വാൻസായി കാണിക്കുന്നത് ഗൌരവമായി കാണേണ്ടതാണ്. നിർവ്വഹണ ഏജൻസികളുമായി ബന്ധപ്പെട്ട് പ്രവർത്തികളുടെ പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ സത്വര ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാവേണ്ടതാണ്.

(എ) വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത പ്രവർത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവർത്തിയുടെ പേര് | തുകനൽകിയ തീയതി | അഡ്വാൻസ് തുക |
|---|---|---|---|
| 1 | പൈപ്പ് ലൈൻ നീട്ടൽ വൌച്ചർ നം-21400353 | 27/08/2014 | 389417 |
| 2 | പൈപ്പ് ലൈൻ നീട്ടൽ വൌച്ചർ നം-21400417 | 13/10/2014 | 198417 |
| 3 | പൈപ്പ് ലൈൻ നീട്ടൽ പ്രോജക്റ്റ് നം-S097/16 | 19/01/2016 | 195000 |
| 4 | പൈപ്പ് ലൈൻ നീട്ടൽ പ്രോജക്റ്റ് | 19/01/2016 | 25000 |

| | | | |
|---|---|---|---|
| | നം-S062/16 | | |
| 5 | പൈപ്പ് ലൈൻ സ്ഥാപിക്കൽ പ്രോജക്റ്റ് നം-S054/16 | 19/01/2016 | 16500 |
| 6 | പൈപ്പ് ലൈൻ നീട്ടൽ പ്രോജക്റ്റ് നം-S0106/17 | 19/10/2016 | 35000 |
| 7 | പൈപ്പ് ലൈൻ കണക്ഷൻ പ്രോജക്റ്റ് നം-S0109/17 | 19/10/2016 | 3500 |
| | ആകെ | | 862834 |

(ബി)കെ.എസ്.ഇ.ബി.യിൽ ഡെപ്പോസിറ്റ് ചെയ്ത പ്രവർത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവർത്തിയുടെ പേര്/വൌച്ചർ നമ്പർ | തുകനൽകിയ തീയതി | അഡ്വാൻസ് തുക |
|---|---|---|---|
| 1 | അങ്കണവാടി ഇലക്ട്രിഫിക്കേഷൻ വൌച്ചർ നം - 21301004 | 21.1.14 | 13330 |
| 2 | തെരുവ് വിളക്ക് ലൈൻ നീട്ടൽ - വാർഡ് - 10/21301006 | 17.12.13 | 15887 |
| 3 | തെരുവ് വിളക്ക് സ്ഥാപിക്കൽ /41400155 | 19.7.14 | 5600 |
| 4 | തെരുവ് വിളക്ക് - ലൈൻ നീട്ടൽ/ 21400345 | 18.8.14 | 8811 |
| 5 | തെരുവ് വിളക്ക് - ലൈൻ നീട്ടൽ/ 41400156 | 31.12.14 | 212930 |
| 6 | തെരുവ് വിളക്ക് - ലൈൻ നീട്ടൽ - 41400151 | 31.12.14 | 46746 |
| 7 | തെരുവ് വിളക്ക് - ലൈൻ നീട്ടൽ - 41400158 | 31.12.14 | 53240 |
| 8 | സ്ട്രീറ്റ് മെയിൻ നീട്ടൽ - എസ്.സി.പി. വാർഡ് - 6,11, 21500092പ്രോജക്ട് നം. SO99/16 | 30.1.16 | 78605 |
| 9 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ 21500693 പ്രോജക്ട് നം. SO56/16 | 30.1.16 | 18542 |
| 10 | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ വാർഡ് - 1,7,10,13/21500755 പ്രോജക്ട് നം. SO55/16 | 20.2.16 | 44000 |
| 11 | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ വാർഡ് - 1,7,10,13/21500755 പ്രോജക്ട് നം. SO55/16 | 20.2.16 | 3290 |
| 12 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ വാർഡ് - 5,12/21700941 | 31.3.18 | 120275 |
| | ആകെ | | 621256 |

## 1-34 ലൈൻ എക്സ്റ്റൻഷൻ - പൂർത്തീകരണ വിവരം ലഭ്യമാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ – SOO 59/19

ധനകാര്യകമ്മീഷൻ ഗ്രാന്റ് – 4,00,000 + ജില്ലാ പഞ്ചായത്ത് വിഹിതം – 4,00,000)

അടങ്കൽ – 8,00,000/-

2018-19 വർഷം സെക്രട്ടറി നിർവ്വഹണം ഉദ്യോഗസ്ഥനായി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ എന്ന പേരിൽ 8,00,000/- രൂപ ഉൾപ്പെടുത്തി അടക്കാൻ പ്രോജക്ട് ആവിഷ്കരിച്ചിരുന്നു. ഇതിൽ 399720/- രൂപ (ജില്ലാ പഞ്ചായത്ത് വിഹിതം (ചെക്ക് നമ്പർ - 1424304/28.3.19)) കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ചിരുന്നു. പദ്ധതിയ്ക്കായി 799614/- രൂപയുടെ എസ്റ്റിമേറ്റാണ് കെ.എസ്.ഇ.ബി. നൽകിയിരുന്നത്. ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും വകയിരുത്തിയ തുകയ്ക്കുള്ള ബിൽ ക്യൂ ബില്ലായതിനാൽ ഈയിനത്തിലുള്ള തുക നൽകാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിരുന്നില്ല. (2019- 20 ൽ ബിൽ നമ്പർ 4/20.6.19 പ്രകാരം പ്രോജക്ട് പ്രകാരമുള്ള 399720/- രൂപ പിൻവലിച്ച് കെ.എസ്.ഇ.ബി.യ്ക്ക് നൽകിയിട്ടുണ്ട്.) പ്രവർത്തിയുടെ പൂർത്തീകരണ വിവരം ലഭ്യമാക്കാത്തതിനാൽ 2018-19 ലെ ചെലവ് 399720/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-35 വിവിധ പദ്ധതികൾക്കായി ലഭിച്ച തുകകൾ - ചെലവു നടത്തുകയോ തിരിച്ചടക്കുകയോ ചെയ്യാതെ നിക്ഷേപമായി തുടരുന്നു.

(1) വരട്ടാർ പുനരുജ്ജീവനത്തിനായി ലഭിച്ച തുകയിൽ നാമമാത്രമായ ചെലവ് മാത്രം

തിരുവൻ വണ്ടൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 08/08/2017 ലെ 1/1 നമ്പർ തീരുമാന പ്രകാരം വരട്ടാർ പുനരുജ്ജീവനത്തിനായി അമൃതാനന്ദമയീമഠത്തിൽ നിന്നും സാമ്പത്തിക സഹായം അഭ്യർത്ഥിച്ചിരുന്നു.

08/09/2017 ൽ അമൃതാനന്ദമയീമഠത്തിൽ നിന്നും 7,00,000 ലക്ഷം രൂപ സഹായമായി ലഭിച്ചു. 27/12/2018 ൽ അതിർത്തി നിർണ്ണയിക്കുന്നതിന് സർവ്വെ കല്ലുകൾ വാങ്ങുന്നതിന് ചെലവഴിച്ച9000 രൂപ മാത്രമാണ് ഈ ഇനത്തിലെ ഏക ചെലവ്. ഇത് കൃത്യമായി അക്കൌണ്ട് ചെയ്തിട്ടുമില്ലാത്തതിനാൽ ഈ ഹെഡ്ഡിൽ 31-03-2019 ലും 700000/- രൂപ നീക്കി ബാക്കിയുള്ളതായി കാണുന്നു. വരട്ടാർ പുനരുജ്ജീവന പ്രവർത്തനങ്ങളുടെ ചെലവിലേക്കായി സ്വകാര്യ വ്യക്തിയിൽ നിന്നും സമാഹരിച്ച ടി തുക പുനരുജ്ജീവന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

**2) <u>ODFനായി ലഭിച്ച തുക -പഞ്ചായത്ത് അക്കൌണ്ടിൽ തുടരുന്നു.</u>**

2016 നവംബർ 1 ന് കേരളത്തിലെ ഗ്രാമ പ്രദേശങ്ങളെ സമ്പൂർണ്ണ വെളിയിട വിസർജ്ജന മുക്ത (ODF) ഇടങ്ങളായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകളിലെ 320100299 എന്ന ഹെഡ്ഡിൽ ODF നായി ലഭിച്ച 7,02,077/- രൂപ അവശേഷിക്കുന്നു. ടി പദ്ധതിക്കായി തുടർചെലവുകളില്ലാത്ത പക്ഷം തുക തിരികെ അടക്കേണ്ടതാണ്.

**3) <u>ആശ്രയ പദ്ധതിക്കായി ലഭിച്ച 4 ലക്ഷം രൂപക്ക് ചെലവില്ല</u>**

24/01/2019 ആശ്രയ പദ്ധതിക്കായി ജില്ലാപഞ്ചായത്തിൽ നിന്നും ട്രാൻസ്ഫർ ചെയ്ത് പഞ്ചായത്തിന് ലഭിച്ച 400000 രൂപക്ക് ചെലവില്ല.സാമ്പത്തിക വർഷം ഗുണഭോക്താക്കളില്ലാത്തതിനാൽ കുടുംബശ്രീയിൽ നിന്നും റിക്വസിഷൻ ലഭിക്കാതിരുന്നതാണിതിന് കാരണമെന്ന് സെക്രട്ടറി അറിയിച്ചു.(ഓഡിറ്റ് എൻക്വയറി നം-5/16-10-2019 നുള്ള മറുപടിയിൽ). ഗുണഭോക്താക്കളില്ലാത്ത പക്ഷം ടി തുക സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതും വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

**4)<u>മുൻവർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ച തുകയിൽ 298277 രൂപ ചെലവഴിക്കാനവശേഷിക്കുന്നു.</u>**

320700204 എന്ന ഹെഡിലെ മുന്നിരിപ്പ് (OB as on 01/04/2018) കണക്കുകൾ പ്രകാരം വിവിധ പദ്ധതികൾക്കുള്ള ബ്ലോക്ക് വിഹിതമായി ലഭിച്ച തുകയിൽ 2,98,277/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തുടർ ചെലവുകളില്ലാത്ത പക്ഷം സർക്കാരിലേക്ക് തിരികെ തിരിച്ചടക്കേണ്ടതും വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

**5)<u>മുൻവർഷങ്ങളിൽ ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച തുകയിൽ 1046075/- രൂപ ചെലവഴിക്കാനവശേഷിക്കുന്നു.</u>**

320700205 എന്ന ഹെഡിലെ മുന്നിരിപ്പ് (OB as on 01/04/2018) കണക്കുകൾ പ്രകാരം വിവിധ പദ്ധതികൾക്കുള്ള ജില്ലാപഞ്ചായത്ത് വിഹിതമായി ലഭിച്ച തുകയിൽ 10,46,075/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തുടർ ചെലവുകളില്ലാത്ത പക്ഷം സർക്കാരിലേക്ക് തിരികെ തിരിച്ചടക്കേണ്ടതും വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

# 1-36 ലൈബ്രറി സെസ്സ് അടക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

വാർഷിക കണക്കുകൾ പ്രകാരം ലൈബ്രറി സെസ്സ് ഇനത്തിൽ പഞ്ചായത്ത് പിരിച്ച 196194/- രൂപ ലൈബ്രറി കൌൺസിലിന് അടക്കുവാൻ അവശേഷിക്കുന്നു. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ഓരോ വർഷവും ലൈബ്രറി സെസിനത്തിൽ പിരിക്കുന്ന തുക യഥാക്രമം ഏപ്രിൽ 30 നും നവംബർ 30 നും ഉള്ളിൽ രണ്ടു ഗഡുക്കളായി ലൈബ്രറി കൌൺസിലിൽ ഒടുക്കേണ്ടതാണെന്നും അല്ലാത്തപക്ഷം അത് തദ്ദേശസ്വയംഭരണസ്ഥാനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി നിർണ്ണയിച്ച് പലിശ ഈടാക്കുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പ് 10088/എൽ3/05 തീ.20.09.2005 നം. സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളതിനാൽ ലൈബ്രറി സെസായി പിരിച്ച തുക കാലവിളംബം കൂടാതെ അടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-37 സെന്റേജ് ഇനത്തിൽ അധികമായി ഒടുക്കിയ തുകയിൽ തിരിച്ച് കിട്ടിയ 7803/- രൂപ സർക്കാരിലേക്ക് അടക്കേണ്ടതാണ്.

പ്രോജക്റ്റ് നം-98/19 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (വാർഡ് 3, 11) പ്രകാരം കേരള വാട്ടർ അതോറിറ്റിക്ക് 360000/- രൂപ ഡെപ്പോസിറ്റ് ചെയ്തിരുന്നു. ടി ഡെപ്പോസിറ്റ് വർക്ക് പൂർത്തീകരിക്കുകയും വിനിയോഗ സാക്ഷ്യപത്രം ലഭിക്കുകയും ചെയ്തു. പ്രവർത്തിക്ക് അധികമായി അടച്ച സെന്റേജ് ചാർജ് 7803/- രൂപ 350300199 എന്ന ഹെഡ്ഡിൽ ലയബിലിറ്റിയായി വരവ് വച്ചിട്ടുണ്ട്. ടി പ്രോജക്റ്റ് തുക സർക്കാർ ഗ്രാന്റായിരുന്നതിനാൽ തിരികെ ലഭിച്ച തുക സർക്കാരിലേക്ക് ഒടുക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-38 എഗ്രിമെന്റ് ചമച്ച് കരാറുകാർ ഏറ്റെടുത്ത നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരണ കാലാവധി കഴിഞ്ഞതിനുശേഷവും ആരംഭിച്ചിട്ടില്ല

എ). തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിൽ 2018-19 വർഷം എഗ്രിമെന്റ് വച്ച് കരാറുകാർ ഏറ്റെടുത്ത താഴെപ്പറയുന്ന മരാമത്തു പ്രവൃത്തികൾ ഓഡിറ്റ് വർഷത്തിനുള്ളിൽ തന്നെ പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ നാളിതുവരെയായിട്ടും അവ ആരംഭിച്ചിട്ടില്ലെന്നു കാണുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേരും പ്രോജക്റ്റ് നമ്പരും | എസ്റ്റിമേറ്റ് | കരാറുകാരൻ | എഗ്രിമെന്റ് നമ്പർ/ തീയതി |
|---|---|---|---|---|
| 1 | തെക്കേനട – പാവൂർപടി റോഡ് മണ്ണിട്ടുയർത്തൽ<br>പ്രോജക്റ്റ് നം. 114 | 120000 | ഡൊമിനിക് ഡേവിഡ് | 4/18-19/16.10.18 |
| 2 | മഴക്കീർ യു.പി.എസ്. മെയിന്റനൻസ്<br>പ്രോജക്റ്റ് നം. 120 | 278330 | റജി വർഗ്ഗീസ് | 26/18-19/18.01.19 |
| 3 | വാരിക്കോട്ടിൽ കൊമ്പിക്കുഴി റോഡ് മണ്ണിട്ടുയർത്തൽ<br>പ്രോജക്റ്റ് നം. 122 | 292500 | ഡൊമിനിക് ഡേവിഡ് | 30/198-19/23.2.19 |
| 4 | കുറ്റിക്കാട്ടിപ്പടി-വലിയ പറമ്പിൽപടി കല്ല് കെട്ടി മണ്ണിട്ടുയർത്തൽ<br>പ്രോജക്റ്റ് നം. 124 | 300000 | സുരേഷ് തോമസ് | 24/18-19/14.01.19 |
| 5 | MC റോഡ് - തൃക്കയിൽ അമ്പലംപടി റോഡ് റീടാറിംഗ്<br>പ്രോജക്റ്റ് നം. 126 | 225000 | ഉണ്ണിക്കുഞ്ഞ് | 27/18-19/13.2.19 |

**ബി)** 2017-18, 2018-19 വർഷങ്ങളിൽ കരാറുകാർ/കൺവീനർ എഗ്രിമെന്റ് ചമച്ച് ഏറ്റെടുത്ത താഴെപ്പറയുന്ന നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചുവെങ്കിലും നിർവ്വഹണ കാലാവധിക്കുശേഷവും പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ പേരും പ്രോജക്ട് നമ്പരും | എസ്റ്റിമേറ്റ് | കരാറുകാരൻ/ കൺവീനർ | എഗ്രിമെന്റ് നമ്പർ/ തീയതി |
|---|---|---|---|---|
| 1 | പാലപ്രപടി- ഉമയാറ്റുകര ക്ഷേത്രം മണക്കണ്ടത്തിൽ പടി റോഡ്<br>പ്രോജക്ട് നം. 111 | 260000 | റ്റിബി സക്കറിയ | 38/17-18/20.03.18 |
| 2 | കുളങ്ങരക്കൽ-വേലം പറമ്പിൽ നടപ്പാത ടൈൽ പാകൽ<br>പ്രോജക്ട് നം. 116 | 49900 | വി.ജി.മനോജ് (കൺവീനർ) | 31/18-19/6.3.19 |
| 3 | ചിറയിൽപടി ഉപ്പുകുളം പാലംപടി റോഡ് റീടാറിംഗ് | 225000 | ഉണ്ണിക്കുഞ്ഞ് | 28/18-19/13.12.19 |

പ്രവൃത്തികൾ സമയബന്ധിതമായി ആരംഭിക്കാതിരുന്നതിന്/പൂർത്തീകരിക്കാതിരുന്നതിനുള്ള കാരണം രേഖാമൂലം ആവശ്യപ്പെട്ടിട്ടും (എൻക്വയറി നം. 10/17.10.19) മറുപടിയിൽ ഇതു സംബന്ധിച്ച വിവരം വ്യക്തമാക്കിയിട്ടില്ല. എഗ്രിമെന്റ് ചമച്ച് കരാറുകാരൻ/കൺവീനർ ഏറ്റെടുത്ത നിർമ്മാണ പ്രവൃത്തികൾ അടിയന്തിരമായി ടിയാളുകളെക്കൊണ്ട് പൂർത്തീകരിപ്പിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ടി വർക്കുകൾക്കായി അവരിൽ നിന്നും ഈടാക്കിയ ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ പഞ്ചായത്തുഫണ്ടിലേക്ക് മുതൽ കൂട്ടാൻ നടപടി സ്വീകരിക്കേണ്ടതും, അവരുടെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തികൾ പുന: ക്രമീകരിക്കേണ്ടതുമാണ്.

# 1-39 ആസ്തി രജിസ്റ്ററിന്റെ പരിപാലനത്തിൽ വീഴ്ച

പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, വസ്തുവകകൾ തുടങ്ങിയ ആസ്തികളുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന ആസ്തി രജിസ്റ്ററിലെ പരിപാലനത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ നിലനിൽക്കുന്നു.

1. പഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തികളുടെ മുഴുവൻ വിവരങ്ങൾ ഉൾക്കൊള്ളിച്ച് ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല. പരിശോധനയ്ക്ക് ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ അപൂർണ്ണവും, അതിലെ രേഖപ്പെടുത്തൽ ആരും സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതുമാണ്.
2. ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള പ്രദേശങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് നടത്തുന്ന നിർമ്മാണ പ്രവൃത്തിയുടെ വിവരം ഗ്രാമപഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിൽ ഉൾക്കൊള്ളിക്കുന്നില്ല.
3. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലങ്ങളിൽ എം.പി/എം.എൽ.എ. ഫണ്ടുപയോഗിച്ച് നടത്തുന്ന നിർമ്മാണ പ്രവൃത്തികളുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിൽ ഉൾക്കൊള്ളിക്കുന്നില്ല.
4. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള റോഡുകളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന റോഡ് രജിസ്റ്ററും, റോഡ് മാപ്പും സൂക്ഷിച്ചിട്ടില്ല.

മേൽവിവരിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 18/21.10.19) ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനും, സാക്ഷ്യപ്പെടുത്തൽ വരുത്തുന്നതിനും നടപടി സ്വീകരിക്കാമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. ആസ്തിരജിസ്റ്ററിൽ പൂർണ്ണമായ വിവരങ്ങൾ ഉൾക്കൊള്ളിച്ച് കാലികമാക്കാത്തതും അതിലെ വിവരങ്ങൾക്കനുസൃതമല്ലാതെ തുടർവർഷങ്ങളിലെ മരാമത്ത് വേലകൾ ഏറ്റെടുക്കുന്നതും ഇരട്ടിപ്പിനും അധിക ചെലവിനും ഇടയാക്കിയേക്കുമെന്നതിനാൽ ആസ്തിരജിസ്റ്റർ

കാലികമാക്കി സാക്ഷ്യപ്പെടുത്തുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്. വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-40 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

2018-19 വർഷം അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി (നം. 31/18-19) 4 ഗുണഭോക്താക്കൾക്കായി 2,70,000/-രൂപ വിനിയോഗിച്ചിരുന്നു. ഇപ്രകാരം പഠനമുറി നിർമ്മാണത്തിനായി മുൻകൂറായി തുക കൈപ്പറ്റിയ ഗുണഭോക്താക്കളിൽ 3 പേർ ഓഡിറ്റ് സമയം വരെ നിർമ്മാണം പൂർത്തീകരിച്ച് ശേഷിച്ച ആനുകൂല്യം കൈപ്പറ്റിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ബിൽ നം./ തീയതി |
|---|---|---|---|
| 1 | അശോകൻ.സി.കെ. | 50000 | 8/29.11.18 |
| 2 | സുരേഷ്കുമാർ.എസ്. | 50000 | 13/29.12.18 |
| 3 | സതീശൻ.റ്റി.കെ. | 50000 | 13/29.12.18 |

മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ പഠനമുറിയുടെ നിർമ്മാണം പൂർത്തീകരിച്ച് ശേഷിച്ച ആനുകൂല്യം കൈപ്പറ്റാതിരിക്കുന്നതിൻമേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/18.10.19) ടി ഗുണഭോക്താക്കളെകൊണ്ട് പഠനമുറി നിർമ്മാണം പൂർത്തിയാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടിയിൽ വ്യക്തമാക്കി. വിഷയത്തിൽ ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾക്കായി മുൻകൂർ ഇനത്തിൽ നൽകിയ 1,50,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-41 ഗാർഹിക ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ- ഗുണഭോക്താക്കളുടെ അപേക്ഷ വാങ്ങി പ്രോജക്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.തുക തടസ്സപ്പെടുത്തുന്നു.

2018-19 സാമ്പത്തിക വർഷത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ സ്പിൽ ഓവർ പദ്ധതിയായിരുന്ന ഗാർഹിക ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ. പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 104/19 |
| പ്രോജക്ടിന്റെ പേര് | ഗാർഹിക ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ |
| വികസനഫണ്ട് (ജനറൽ) | 2,66,000 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 2,50,000 |
| ഗുണഭോക്തൃ വിഹിതം | 5,07000 |

2017-18 സാമ്പത്തികവർഷം നടത്തിയ മത്സരാധിഷ്ഠിത ടെൻഡറിലൂടെ എമറാൾഡ് എന്റർപ്രൈസസ് എന്ന സ്ഥാപനത്തിനെ പദ്ധതി പ്രവൃത്തികൾക്കായി നിയോഗിച്ചു. “1 $m^3$ waterjacket Model biogas plant” ഇനത്തിലുള്ള ഒരു യൂണിറ്റിന് 12400/- രൂപ നിരക്കിൽ സ്ഥാപിച്ച് നല്കാൻ സ്ഥാപനം തയ്യാറാകുകയും തദ്ദേശ സ്വയംഭരണസ്ഥാപനവുമായി 23.09.2017 ൽ എഗ്രിമെന്റിൽ ഏർപ്പെടുകയും ചെയ്തു. പദ്ധതി പ്രകാരം 8

ഗുണഭോക്താക്കൾക്കായി പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ്സ്ഥാപിച്ച് നല്കുകയുണ്ടായി. പദ്ധതിയ്ക്കായി ചെലവായ തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 47200 | ബിൽ നമ്പർ<br>8/18-19 തീ.21.10.18 |
| ഗുണഭോക്തൃ വിഹിതം | 52000 | ചെക്ക് നമ്പർ<br>8615270 തീ.28.07.19 |
| **ആകെ** | **99200** | |

പദ്ധതിവിഹിതം ലഭിച്ച ഗുണഭോക്താക്കളുടെ അപേക്ഷകളും അനുബന്ധരേഖകളും സ്വീകരിച്ച് ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ അർഹതാമാനദണ്ഡങ്ങൾ പരിശോധിക്കുന്നതിന് ഓഡിറ്റിന് സാധിച്ചില്ല. 20.09.2012 ലെ ജി.ഒ(എം.എസ്) നം. 239/2012/എൽ.എസ്.ജി.ഡി. ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള ഡിസൈൻ, സ്റ്റാൻഡേർഡ്, സ്പെസിഫിക്കേഷൻ എന്നിവ പ്രകാരമാണോ എന്നും അവ നിശ്ചിത വ്യാപ്തം ഉൾക്കൊള്ളാൻ പര്യാപ്തമാണോ എന്നും ആവശ്യമായ അനുബന്ധഘടകങ്ങൾ സർക്കാർ ഉത്തരവ് പ്രകാരം യൂണിറ്റിൽ ഉണ്ടോ എന്നും തദ്ദേശസ്വയംഭരണസ്ഥാപനത്തിലെ എൻജിനീയർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ് എന്ന മാനദണ്ഡം ഇവിടെ പാലിക്കപ്പെട്ടില്ല. 7.5kg/day ($1m^3$) ശേഷിയുള്ള വാട്ടർജാക്കറ്റ് സംവിധാനത്തോടുകൂടിയ പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകൾ തന്നെയാണ് സ്ഥാപിച്ചത് എന്ന ഉറപ്പുവരുത്തുകയോ, പ്രസ്തുത പദ്ധതി പൂർത്തിയായതായുള്ള 'കംപ്ലീഷൻ സർട്ടിഫിക്കറ്റ്' നിർവ്വഹണ ഉദ്യോഗസ്ഥയായ വി.ഇ.ഒ. ഫയലിൽ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. മേൽ അപാകങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്. പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ച 99,200/- രൂപ തടസ്സപ്പെടുത്തുന്നു.

# 1-42 2018-19 സാമ്പത്തിക വർഷം ആയുർവേദ മെഡിക്കൽ ഓഫീസർനടത്തിയ മരുന്നുവാങ്ങൽ പ്രവൃത്തികളിലെ അപാകതകൾ

2018-19 സാമ്പത്തികർഷം തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതി ആയുർവേദ ആശുപത്രിക്ക് മരുന്നുവാങ്ങൽ നടത്തുകയുണ്ടായി. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ഫണ്ടിനം | തുക | ബിൽ നമ്പർ / തീയതി |
|---|---|---|---|---|
| 23/2019 | ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 5,00,000 | 1/18-19-17.10.18 |

പ്രോജക്ട് നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ ഉണ്ടായതായി ഓഡിറ്റ് വേളയിൽ ബോധ്യപ്പെട്ടു.

<u>1) ആവശ്യപ്പെട്ട മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല.</u>

മരുന്നുവാങ്ങൽ എന്ന പ്രോജക്ടിനായി 25.06.18 ൽ മെഡിക്കൽ ഓഫീസർ ഇന്റൻറ് തയ്യാറാക്കി ഔഷധിയുടെ മാർക്കറ്റിങ്ങ് മാനേജർക്ക് നല്കിയിട്ടുണ്ട്. ഔഷധിയുടെ പ്രഫോർമ ഇൻവോയ്സിലെ വിലവിവരപട്ടിക അനുസരിച്ച് മരുന്നുകളുടെ വിലയായ 5,00,000/- രൂപ 17.10.18 ൽ സ്ഥാപനത്തിന് ബാങ്ക് മുഖേന കൈമാറിയിട്ടുണ്ട്. ആയത് പ്രകാരം 13 തവണകളിലായി 4,98,090/- രൂപയുടെ മരുന്നുകൾ ഔഷധി ആയുർവേദ ആശുപത്രിക്ക് നല്കിയിട്ടുണ്ട്. എന്നാൽ 1910/- രൂപയുടെ മരുന്ന് നാളിഉവരെ സ്ഥാപനത്തിന് ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്നതിന് വേണ്ടി കത്തിടപാടുകൾ നടത്തിയതിനെ സാധൂകരിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. സമയബന്ധിതമായി മരുന്ന് ലഭ്യമാക്കാതെവന്നാൽ ആശുപത്രിയുടെ ദൈനംദിന

പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നതാണ് എന്ന് മാത്രമല്ല അടുത്ത സാമ്പത്തിക വർഷത്തിൽ പദ്ധതി ആവിഷ്കരിക്കുമ്പോൾ മരുന്നുകളുടെ ആവശ്യകത നിർണ്ണയിക്കുന്നതിന് സാധിക്കാതെ വരികയും ചെയ്യും. ഗവ. ഏജൻസികളിൽ നിന്നും മരുന്ന് ലഭിക്കുവാൻ കാലതാമസമുണ്ടാകുന്ന ഇത്തരത്തിലുള്ള സാഹചര്യം മറികടക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ടെൻഡർ/ ക്വട്ടേഷൻ വിളിച്ച് പുറമേ നിന്നും മരുന്ന് വാങ്ങുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(സർക്കുലർ നം.ഡി.എ.1/ 840/17 തസ്വഭവ. തീയതി. 16.12.2017).

**2) <u>ആവശ്യകതാ നിർണ്ണയം നടത്തിയത് യഥാക്രമമല്ല.</u>**

വാർഷിക ആവശ്യകത നിർണ്ണയം നടത്തി ലിസ്റ്റ് തയ്യാറാക്കി ഇന്റന്റ് നല്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല എന്ന് ഫയലുകൾ പരിശോധിച്ചതിൽ നിന്നും ബോധ്യമായി. മരുന്നുകളുടെ എണ്ണവും,നിരക്കും മാത്രമേ ഇന്റന്റിൽ രേഖപ്പെടുത്തിയിട്ടുള്ളൂ, അവയുടെ അളവ് രേഖപ്പെടുത്താതെയാണ് ആവശ്യകതാ നിർണ്ണയം നടത്തിയിരിക്കുന്നത്. ആവശ്യമായ സാധനങ്ങളുടെ സ്വഭാവം, അളവ്, വില, സപ്ലൈ കാലയളവ് എന്നിവ രേഖപ്പെടുത്താതെ ഇന്റന്റ് നൽകുന്നത് സ്റ്റോർ പർച്ചേസ് മാനവലിന് വിരുദ്ധമാണ്. (ജി.ഒ.(പി) 3/2013 എസ്.പി.ഡി. 21.06.2013). എല്ലാ വകുപ്പുകളുടെയും വാങ്ങലുകൾക്ക് ബാധകമായ പൊതുചട്ടങ്ങളാണ് ഇതിലുള്ളത്.

**3) <u>വാങ്ങി സ്റ്റോക്കിലെടുത്ത മരുന്നുകൾ തിരിച്ച് ഔഷധിക്ക് നല്കി</u>**

പ്രസ്തുത പ്രോജക്ടിനുവേണ്ടി "രസോത്തമാദി ലേപം" എന്ന മരുന്നിനുവേണ്ടി 100 എണ്ണത്തിന് ഇന്റന്റ് നല്കിയിരുന്നു. മരുന്നിന്റെ അളവ് രേഖപ്പെടുത്താഞ്ഞതിനാൽ 500 ഗ്രാമിന്റെ 100 എണ്ണത്തിന് അനുസൃതമായിട്ടാണ് ഔഷധി പ്രോഫോർമ ഇൻവോയിസിൽ വില ഉൾപ്പെടുത്തി നല്കിയത്. തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിലെ ആയുർവേദ ആശുപത്രികയ്ക്ക് 50 ഗ്രാമിന്റെ 100 എണ്ണം വാങ്ങുക എന്നതായിരുന്നു നിർവ്വഹണ ഉദ്യോഗസ്ഥൻ യഥാർത്ഥത്തിൽ ഉദ്ദേശിച്ചത്. മരുന്നുകളുടെ അളവ് ആവശ്യത്തിനേക്കാൾ അധികമായതിനാൽ ആയത് പരിഹരിക്കുന്നതിന് വേണ്ടി 96 എണ്ണം "രസോത്തമാദി ലേപവും", 42 ബോട്ടിൽ "കർണ്ണപൂരണ തൈലവും" തിരികെ നല്കുകയും പ്രോഫോർമയും ഇൻവോയ്സും തിരുത്തി നല്കണമെന്ന് ആവശ്യപ്പെട്ട് ഔഷധിയുടെ മാർക്കറ്റിങ്ങ് മാനേജർക്ക് മെഡിക്കൽ ഓഫീസർ 20.06.19 ൽ കത്ത് നൽകുകയുണ്ടായി. ഇത് സംബന്ധിച്ച് പിന്നീട് എന്തുനടപടികൾ ഏജൻസി സ്വീകരിച്ചു എന്നതിനെ സംബന്ധിച്ച് വിവരങ്ങൾ ലഭ്യമല്ല.

തിരിച്ച് നല്കിയ മരുന്നുകൾക്ക് പകരം താഴെപ്പറയുന്ന മരുന്നുകൾ ആവശ്യപ്പെട്ടുകൊണ്ട് മെഡിക്കൽ ഓഫീസർ 20.06.19 ൽ ഔഷധിയ്ക്ക് കത്ത് നല്കിയിരുന്നു. അതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | മരുന്നിന്റെ പേര് | അളവ് | എണ്ണം |
|---|---|---|---|
| 1 | കർപ്പൂരാദി തൈലം | 450 | 50 |
| 2 | സഹചരാതിതൈലം | 450 | 50 |
| 5 | ഉചിതമാദിതൈലം | 450 | 50 |

ആവശ്യകതാപ്രകാരമുള്ള നിർണ്ണയം നടത്താതെ ഇന്റന്റ് നല്കിയതിനാലാണ് ആവശ്യാനുസരണമുള്ള ഔഷധങ്ങൾ ലഭ്യമല്ലാതെ പോയത്. കൂടാതെ ഷോർട്ട് സപ്ലൈ ആയ മരുന്നുകളും, തിരിച്ച് നല്കിയതിന് പകരമായി മരുന്നുകൾ ലഭിച്ചതിനെക്കുറിച്ചുള്ള വിവരങ്ങളും, ലഭിക്കുവാനുണ്ടായിരുന്ന മരുന്നുകൾ എത്തിച്ചേർന്നതിനെ സംബന്ധിച്ച വിവരങ്ങളും ഒന്നും തന്നെ ഫയലിൽ ലഭ്യമല്ല. മേൽ അപാകതകൾ ആവർത്തിക്കാതെ നിർവ്വഹണം നടത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# <u>ഭാഗം -2</u>

# <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

# 2-1 വസ്തുനികുതി-വാണിജ്യവശ്യകെട്ടിടത്തെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തിയില്ല

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.11 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011/ തസ്വഭവ പ്രകാരം പഞ്ചായത്ത് 100 ച.മീറ്റർ വരെയുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 30/- രൂപയും 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 50/- രൂപയും നികുതി നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിരിക്കുന്നത്. എന്നാൽ ഓഡിറ്റ് പരിശോധനയിൽ ചില വാണിജ്യാവശ്യകെട്ടിടങ്ങളെ അവയുടെ ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തിയിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | കെട്ടിട നം- തറവിസ്തീർണ്ണം | ആകെതറ വിസ്തീർണ്ണം | ചുമത്തിയ വസ്തു നികുതി | ചുമത്തേണ്ട വസ്തുനികുതി | കുറവ് |
|---|---|---|---|---|---|
| ശ്രീ.കുര്യൻ തോമസ്സ്, പൂവ്വണ്ണാൽ പുത്തൻവീട് | 6/728- 85 m2 | 222 $m^2$ | @30/m2<br>അടിസ്ഥാന വസ്തുനികുതി-2550<br>വർദ്ധനവ് 20% -വഴി സൗകര്യം-510<br>വസ്തുനികുതി-3060<br>ലൈ.സെസ്സ്-153 | @50/m2<br>അടിസ്ഥാന വസ്തുനികുതി-4250<br>വർദ്ധനവ് 20% -വഴി സൗകര്യം-850<br>വസ്തുനികുതി-5100<br>ലൈ.സെസ്സ്-255 | വസ്തുനികുതി-2040<br>ലൈ.സെസ്സ്-102 |
| | 6/729-16 $m^2$ | | @30/$m^2$<br>അടിസ്ഥാന വസ്തുനികുതി-480<br>വർദ്ധനവ് 20% -വഴി സൗകര്യം-96<br>വസ്തുനികുതി-576<br>ലൈ.സെസ്സ്-29 | @50/$m^2$<br>അടിസ്ഥാന വസ്തുനികുതി-800<br>വർദ്ധനവ് 20% -വഴി സൗകര്യം-160<br>വസ്തുനികുതി-960<br>ലൈ.സെസ്സ്-48 | വസ്തുനികുതി-384<br>ലൈ.സെസ്സ്-19 |
| | 6/730- 12 $m^2$ | | @30/$m^2$<br>അടിസ്ഥാന വസ്തുനികുതി-360<br>വർദ്ധനവ് 20% -വഴി സൗകര്യം-72<br>വസ്തുനികുതി-432<br>ലൈ.സെസ്സ്-22 | @50/$m^2$<br>അടിസ്ഥാന വസ്തുനികുതി-600<br>വർദ്ധനവ് 20% -വഴി സൗകര്യം-120<br>വസ്തുനികുതി-720<br>ലൈ.സെസ്സ്-36 | വസ്തുനികുതി-288<br>ലൈ.സെസ്സ്-14 |
| | 6/731-45 $m^2$ | | @30/$m^2$<br>അടിസ്ഥാന വസ്തുനികുതി-1350<br>വർദ്ധനവ് 20% -വഴി സൗകര്യം-270<br>വസ്തുനികുതി-1620<br>ലൈ.സെസ്സ്-81 | @50/$m^2$<br>അടിസ്ഥാന വസ്തുനികുതി-2250<br>വർദ്ധനവ് 20% -വഴി സൗകര്യം-450<br>വസ്തുനികുതി-2700<br>ലൈ.സെസ്സ്-135 | വസ്തുനികുതി-1080<br>ലൈ.സെസ്സ്-54 |
| | 6/732-64 $m^2$ | | @30/$m^2$ | @50/$m^2$ | വസ്തുനികുതി-1536<br>ലൈ.സെസ്സ്-76 |

| | | | | | |
|---|---|---|---|---|---|
| | | | അടിസ്ഥാന വസ്തുനികുതി-1920<br>വർദ്ധനവ് 20% -വഴി സൗകര്യം-384<br>വസ്തുനികുതി-2304<br>ലൈ.സെസ്സ്-116 | അടിസ്ഥാന വസ്തുനികുതി-3200<br>വർദ്ധനവ് 20% -വഴി സൗകര്യം-640<br>വസ്തുനികുതി-3840<br>ലൈ.സെസ്സ്-192 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം-24/24-10-19) മറുപടിയിൽ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(4) പ്രകാരമാണ് നികുതി ചുമത്തിയതെന്ന മറുപടിയാണ് സെക്രട്ടറി ലഭ്യമാക്കിയത്. കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(4) പ്രകാരം ഒരാളിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളെ തക്കതായ കാരണങ്ങളാൽ പ്രത്യേക കെട്ടിടനമ്പർ നൽകിയിട്ടുണ്ടെങ്കിൽ മാത്രമാണ് അവയെ വെവ്വേറെ കെട്ടിടങ്ങളായി പരിഗണിക്കാനാകുക. ആയതിനാൽ ഒരാളിന്റെ ഉടമസ്ഥതയിലുള്ളതും വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതുമായ 100m$^2$ ന് മുകളിൽ വിസ്തൃതിയുള്ള കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾക്ക് ഉടമയുടെ ആവശ്യപ്രകാരം വ്യത്യസ്ത നമ്പരിട്ട് നൽകിയപ്പോൾ 100 ച.മീറ്ററിൽ താഴെയുള്ള വാണിജ്യാവശ്യകെട്ടിടങ്ങൾക്കുള്ള നിരക്ക് ചുമത്തിയത് ക്രമപ്രകാരമല്ല. മേൽ കെട്ടിട ഉടമയെ ഇപ്രകാരം വസ്തുനികുതി ചുമത്തിയത് പഞ്ചായത്തിന്റെ വസ്തുനികുതി ഡിമാൻഡിൽ 5328/- രൂപയുടെയും ലൈ.സെസ്സ് ഡിമാൻഡിൽ 265/- രൂപയുടെയും കുറവുണ്ടാക്കി. വസ്തുനികുതി പുനനിർണ്ണയിച്ച് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 പച്ചക്കറി കൃഷി വികസനം - അധിക നിരക്കിൽ സബ്സിഡി നൽകി

പ്രോജക്ട് നമ്പർ - SOO 36/19

അടങ്കൽ - 2,40,000/- (വികസനഫണ്ട് -121250 +ബ്ലോക്ക് ഷെയർ - 30000+

ഗുണഭോക്തൃവിഹിതം -88750)

ചെലവ് -ബിൽ നമ്പർ - 8/16.1.19 – 86250/-

ബിൽ നമ്പർ - 22/15.3.19 – 30000/-

ബിൽ നമ്പർ - 25/15.3.19 – 5000/-

ബ്ലോക്ക് ഷെയർ ചെക്ക് നമ്പർ - 8665407/19.3.19 – 30000/-

ഗുണഭോക്തൃവിഹിതം - 1420390/20.3.19 – 28750/-

ആകെ 1,80,000/-

പച്ചക്കറി വികസന പദ്ധതി എന്ന പ്രോജക്ടിൽ വിത്ത് വാങ്ങി നൽകുന്നതിനും, കൂലിചെലവിനും, വളം വാങ്ങി നൽകുന്നതിനുമായി തുക ചെലവുണ്ടായിട്ടുണ്ട്. ചെലവ് രേഖകൾ പരിശോധിച്ചതിൽ ഓർഗാനിക് മിക്സ്ച്ചറിനും സ്യൂഡോമോണസിനും ജില്ലാ കൃഷി ഓഫീസർ നിർണ്ണയിച്ച യൂണിറ്റ് നിരക്കിന് ആനുപാതികമായ നിരക്കിനേക്കാൾ ഉയർന്ന നിരക്കിലാണ് സബ്സിഡി നൽകിയിട്ടുള്ളതെന്ന് കാണുന്നു.

സ.ഉ.(കൈ) നം. 22/18/ തസ്വഭവ, തീ. 14.2.18 നമ്പർ സബ്സിഡി മാർഗ്ഗരേഖയിലെ 3-ാം ഖണ്ഡികയിൽ നിർദ്ദേശിക്കും പ്രകാരം രൂപീകരിച്ച ജില്ലാ ആസൂത്രണ സമിതിയുടെ 3.4.18 ലെ 2895/2018/ഡി.പി.സി./ ഡി.പി.ഒ./ എ.എൽ.പി. ഉത്തരവ് പ്രകാരം ഓർഗാനിക് മിക്സ്ച്ചറിന് ഒരു കിലോയ്ക്ക് 25/- രൂപയും സ്യൂഡോമോണസിന് ഒരു കിലോയ്ക്ക് 75/-രൂപയുമാണ് ജില്ലാ തലത്തിൽ നിശ്ചയിച്ച യൂണിറ്റ് കോസ്റ്റ്. എന്നാൽ ഓർഗാനിക് മിക്സ്ച്ചർ കിലോയ്ക്ക് 38.10/- രൂപ നിരക്കിലും സ്യൂഡോമോണസ് കിലോയ്ക്ക് 85.71/- രൂപ നിരക്കിലും വാങ്ങി, ഈ വിലയ്ക്ക് ആനുപാതികമായ സബ്സിഡിയാണ് നൽകിയത്. ഇപ്രകാരം ഉയർന്ന നിരക്കിൽ വാങ്ങൽ നടത്തുക വഴി 25357/- രൂപ പ്ലാൻ ഫണ്ടിൽ നിന്ന് അധികമായി ചെലവായിട്ടുണ്ട്.

അധികനിരക്കിൽ സബ്സിഡി അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 14/19.10.19 ലഭ്യമാക്കിയ മറുപടി ഓർഗാനിക് മിക്സ്ച്ചറും സ്യൂഡോമോണസും 75% സബ്സിഡിയിൽ മാത്രമാണ് നൽകിയിട്ടുള്ളതെന്നും പഞ്ചായത്ത് ബ്ലോക്ക് സംയുക്ത പദ്ധതിയായാതി ആയിരുന്നതിനാലും സമയബന്ധിതമായി ടി പദ്ധതി പൂർത്തിയാക്കേണ്ടിയിരുന്നതിനാലും ടി പദ്ധതി നടപ്പാക്കിയ സമയത്ത് ജില്ലാ ആസൂത്രണസമിതിയുടെ മാർഗ്ഗരേഖ ലഭ്യമായിട്ടില്ലാത്തതിനാലുമാണ് അപാകത ഉണ്ടായതെന്നുമാണ്. എന്നാൽ ഈ മറുപടി അംഗീകരിക്കത്തക്കതല്ല. സബ്സിഡി മാർഗ്ഗരേഖയിൽ ജില്ലാ തലത്തിൽ യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കേണ്ട ഇനങ്ങളുടെ കാര്യത്തിൽ യൂണിറ്റ് കോസ്റ്റ് ലഭ്യമായില്ലെങ്കിൽ പദ്ധതി നിർവ്വഹണ സമയത്ത് ജില്ലാതല ഓഫീസുമായി ബന്ധപ്പെട്ട് യൂണിറ്റ് കോസ്റ്റ് ലഭ്യമാക്കി പദ്ധതി നിർവ്വഹണം നടത്തേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയാണ്. അധിക ചെലവിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

**1. ബിൽ നമ്പർ - 8/ 16.1.19**

| ക്രമ നമ്പർ | വാങ്ങിയ വളങ്ങളുടെ വിവരം | അളവ് കി.ഗ്രാം | ആകെ വില | ആസൂത്രണ സമിതി നിശ്ചയിച്ച നിരക്ക് പ്രകാരമുള്ള വില | സബ്സിഡി തുക | | |
|---|---|---|---|---|---|---|---|
| | | | | | അനുവദിച്ചത് | അനുവദിക്കാവുന്നത് | അധികം |
| 1. | ഓർഗാനിക് മിക്സ്ച്ചർ | 2500 | 95250 (2500 x 38.10) | 62500 (2500 x 25) | 71438 | 46875 | 24563 |
| 2. | സ്യൂഡോമോണസ് | 100 | 8571 (100x85.71) | 7500 (100x75) | 6428 | 5625 | 803 |
| | ആകെ | | | | | | 25366/- |

അധിക ചെലവായ തുക തിരിച്ചടവ് വിവരം അറിയിക്കാത്തവയും ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിർണ്ണയിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

# 3-2 തെങ്ങ് കൃഷി വികസനം - ലൈം വിതരണം - സബ്സിഡി അധികനിരക്കിൽ നൽകി

പ്രോജക്റ്റ് നമ്പർ - SOO 45/19

അടങ്കൽ - 3,57,000/- (വികസനഫണ്ട് -206500 +

ഗുണഭോക്തൃവിഹിതം - നേരിട്ട് -150500)

ചെലവ് -ബിൽ നമ്പർ - 24/ 19.3.19 –203000/-

നിർവ്വഹണം - കൃഷി ഓഫീസർ

20 ഹെക്ടർ സ്ഥലത്തെ 3500 തെങ്ങുകൾക്ക് വളം വിതരണം ചെയ്യുന്നതിന് വേണ്ടി ആവിഷ്കരിച്ച മേൽ പ്രോജക്റ്റിലുൾപ്പെടുത്തി 94 കർഷകർക്ക് വളം, നീറ്റുകക്ക എന്നിവ വിതരണം ചെയ്തിരുന്നു. ഉമയാറ്റുകര സർവ്വീസ്

കോ - ഓപ്പറേറ്റീവ് ബാങ്ക് - 499 ൽ നിന്നാണ് ഇവ വാങ്ങിയത്. വളത്തിന്റെ വിലയുടെ 75% സബ്സിഡി എന്ന നിലയിൽ 119000/- രൂപയും നീറ്റുകക്കയുടെ വിലയിനത്തിൽ 75% സബ്സിഡിയായി 84000/- രൂപയും മേൽ നം. ബിൽ മുഖേന പിൻവലിച്ച് 94 കർഷകരുടെ തിരുവൻവണ്ടൂർ സർവ്വീസ് സഹകരണ ബാങ്ക് അക്കൌണ്ടുകളിലേക്ക് കൈമാറി നൽകിയിട്ടുണ്ട്.

സ.ഉ.(കൈ) നം.22/18/തസ്വഭവ, തീ. 14.2.18 നമ്പർ സബ്സിഡി മാർഗ്ഗരേഖയിലെ 3-ാം ഖണ്ഡികയിൽ നിർദ്ദേശിക്കും പ്രകാരം രൂപീകരിച്ച ജില്ലാ ആസൂത്രണ സമിതിയുടെ 03.04.2018 ലെ 2895/2018/ഡി.പി.സി./ ഡി.പി.ഒ./ എ.എൽ.പി. ഉത്തരവ് പ്രകാരം ലൈമിന് ജില്ലാ കൃഷി ഓഫീസർ നിർണ്ണയിച്ച യൂണിറ്റ് നിരക്കിന് ആനുപാതികമായ നിരക്കിനേക്കാൾ ഉയർന്ന നിരക്കിൽ ആണ് സബ്സിഡി നൽകിയിട്ടുള്ളത്. മേൽ ഉത്തരവിൽ 10 കിലോഗ്രാം പായ്ക്കറ്റിന് 85/- രൂപയാണ് അനുവദിക്കാവുന്നതാണ്. അതായത് ഒരു കിലോഗ്രാമിന് അനുവദിക്കാവുന്ന തുക 8.50/- രൂപ. എന്നാൽ ലൈം കിലോയ്ക്ക് 14.55/- രൂപ നിരക്കിലാണ് വാങ്ങിയിട്ടുള്ളത്. ലൈം ഉയർന്ന നിരക്കിൽ വാങ്ങൽ നടത്തുക വഴി 34938.75/- രൂപയുടെ അധിക ചെലവ് പ്ലാൻ ഫണ്ടിൽ നിന്ന് ഉണ്ടായിട്ടുണ്ട്. ഈ തുക കൃഷി ഓഫീസറുടെ ബാധ്യതയായി നിശ്ചയിക്കുന്നു.

അധികനിരക്കിൽ സബ്സിഡി അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 15/19.10.19 ന് ലഭ്യമാക്കിയ മറുപടി "കർഷകർക്ക് കുമ്മായം 75% സബ്സിഡി നിരക്കിലാണ് നൽകിയതെന്നും ഉമയാറ്റുകര സർവ്വീസ് കോ - ഓപ്പറേറ്റീവ് ബാങ്ക് തീരുമാനപ്രകാരമുള്ള വിലയുടെ 75% ആണ് നൽകിയതെന്നും ടി വിലയിൽ താഴെ കുമ്മായം ലഭ്യമല്ലാത്തതിനാലാണ് ടി സബ്സിഡി നൽകേണ്ടി വന്നതാണെന്നുമാണ്". എന്നാൽ ഈ മറുപടി അംഗീകരിക്കത്തക്കതല്ല. ജില്ലാതലത്തിൽ യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കാൻ നിർദ്ദേശിച്ചിരിക്കുന്നവയിൽ ജില്ലകള്ള ഓരോ ഇനവും ലഭ്യമാകുന്ന നിരക്കുകളെ വിശകലനം ചെയ്ത് നിരക്ക് നിശ്ചയിക്കുവാനാണ് സബ്സിഡി മാർഗ്ഗ രേഖ നിർദ്ദേശിക്കുന്നത്. ഇപ്രകാരം നിശ്ചയിച്ച നിരക്കിന് ആനുപാതികമായ നിരക്കിലായിരിക്കണം സബ്സിഡി നൽകേണ്ടത്. ഇതിൽ കൂടിയ നിരക്കിലാണ് വളം ലഭ്യമാകുന്നതെങ്കിലും ജില്ലാ തലത്തിൽ നിശ്ചയിച്ച നിരക്കിന് ആനുപാതികമായി മാത്രമാണ് സബ്സിഡി നൽകാവുന്നത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നമ്പർ | അളവ് | ആകെ വില | ആസൂത്രണ സമിതി നിശ്ചയിച്ച നിരക്ക് പ്രകാരമുള്ള വില | സബ്സിഡി തുക | | |
|---|---|---|---|---|---|---|---|
| | | | | | അനുവദിച്ചത് | അനുവദി ക്കാവുന്നത് | അധികം |
| 1. | 1 | 3502.40 | 50959.92 (3502.40 x 14.55 ) | 29770.4 (3502.40 x8.50 ) | 38208 (38219.94 രൂ.പരിമിതപ്പെ ടുത്തിയത്) | 22327.8 | 15880.2 |
| 2. | 2 | 2358.40 | 34314.72 (2358.40 x 14.55) | 20046.4 (2358.40 x8.50) | 25728 (25736.04 രൂ.പരിമിതപ്പെ ടുത്തിയത്) | 15034.8 | 10693.2 |
| 3. | 3 | 1839.20 | 26760.36 (1839.20x 14.55) | 15633.2 (1839.20x 8.50) | 20064 (20064.27 രൂ.പരിമിതപ്പെ ടുത്തി) | 11724.9 | 8339.1 |
| | ആകെ | | | | 84000 | | 34912.5 |

ക്രമ പ്രകാരമല്ലാതെ സബ്സിഡി അനുവദിക്കുകവഴി അധികചെലവായ തുക തിരിച്ചടച്ച് വിവരം അറിയിക്കാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിർണ്ണയിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

## 3-3 ഉത്പാദന ബോണസിന്റെ വിതരണത്തിൽ അപാകത.

ഉത്പാദന ബോണസിനത്തിൽ 2014-15 വർഷത്തേതായി 114777/- രൂപയും, 2015-16 വർഷത്തേതായി 85223/- രൂപയും ഉൾപ്പെടെ ആകെ 200000/- രൂപ 2018-19 വർഷം വിതരണം ചെയ്തിരുന്നു. കൃഷി ഓഫീസർ ലഭ്യമാക്കിയ ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക സെക്രട്ടറി പിൻവലിച്ച് നൽകുകയാണുണ്ടായത്. (ട്രഷറി ബിൽ നം.31/20.03.2019). ഇപ്രകാരം തുക പിൻലവിച്ച് നൽകിയ ഗുണഭോക്താക്കളുടെതായി ഹാജരാക്കിയ വിതരണ സ്റ്റേറ്റ്മെന്റിൽ താഴെപ്പറയുന്ന ന്യൂനതകൾ ഉണ്ട്.

1) ഒന്നിലധികം വ്യക്തികൾക്ക് ഒരേബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകിയിരിക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | ലിസ്റ്റിലെ ക്രമ നം. | അക്കൗണ്ട് നം. | തുക | ബാങ്ക് |
|---|---|---|---|---|
| ദാമോദര പണിക്കർ | 50 | 12050100007294 | 1312 | ഫെഡറൽ ബാങ്ക് |
| രാജമ്മ.കെ.കെ | 52 | 12050100007294 | 188 | ഫെഡറൽ ബാങ്ക് |

2) ഒരേ വ്യക്തിയുടെ പേര് ലിസ്റ്റിൽ രണ്ട് തവണ ഉൾപ്പെടുത്തി ആനുകൂല്യം നൽകി.

| ഗുണഭോക്താവിന്റെ പേര് | അക്കൗണ്ട് നം. | ബാങ്കിന്റെ പേര് | നൽകിയ തുക | സർവ്വേ നം. | ലിസ്റ്റിലെ ക്രമ നം. |
|---|---|---|---|---|---|
| ഗോപാലൻ.എം.ജി | 40559100004959 | കേരള ഗ്രാമീൺ ബാങ്ക് | 548 | 405/8 | 98, 112 |

3) ഒരേ സർവ്വേ നമ്പരിലുള്ള ഭൂമിക്ക് ഒന്നിലധികം പേർക്ക് ആനുകൂല്യം

| ഗുണഭോക്താവിന്റെ പേര് | സർവ്വേ നം. | അക്കൗണ്ട് നം. | നൽകിയ തുക | ബാങ്കിന്റെ പേര് | ലിസ്റ്റിലെ ക്രമ നം. |
|---|---|---|---|---|---|
| സത്യൻ രാഘവൻ | 357/3-1 | 12050100100388480 | 480 | ഫെഡറൽ ബാങ്ക് | 1 |
| ദീപ്തി രഘുനാഥൻ | 357/3-1 | 20420100011363 | 80 | ഫെഡറൽ ബാങ്ക് | 15 |

അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/21.10.19) ദാമോദര പണിക്കരുടെ ജോലിക്ക് അക്കൗണ്ടിൽ രാജമ്മയുടെ പേരു കൂടി ഉൾപ്പെട്ടതിനാലാണ് ആനുകൂല്യം നൽകിയതെന്നും, ശ്രീ.ഗോപാലൻ.എം.ബി എന്ന കർഷകന്റെ രണ്ട് അപേക്ഷ ഉണ്ടായതിനാലാണ് രണ്ടു തവണ ആനുകൂല്യം നൽകിയതെന്നും കൃഷി ഓഫീസർ മറുപടി നൽകി. എന്നാൽ ആദ്യ മറുപടിയുടെ നിജസ്ഥിതി പരിശോധിക്കുന്നതിനായി ബാങ്ക് അക്കൗണ്ട് പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഒരേ വ്യക്തിക്ക് ഒരേ കാലയളവിലെ ഉത്പാദന ബോണസിനത്തിൽ അധികം നൽകിയ 548/- രൂപ തിരികെ ഈടാക്കേണ്ടതാണ്. ക്രമ നം. (1), (3) പ്രകാരമുള്ള അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം ഹാജരാക്കാത്തതിനാൽ പരാമർശിത ഗുണഭോക്താക്കൾക്കായുള്ള 2060/- രൂപയുടെ ചെലവ് (1312 + 188 + 480 + 80) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | തുക | ലഭിച്ച | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| | | | | | |

| സ്ഥാപനം | ലഭിച്ച വർഷം | തുക | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്,ചെങ്ങന്നൂർ | 2018-19 | 30000 | പച്ചക്കറി വികസനം | 30000 | 0 |
| | | 250000 | നെൽകൃഷി വികസനം | 249956 | 44 |
| | | 529550 | ലൈഫ്-ജനറൽ | 529550 | 0 |
| | | 397726 | ലൈഫ്-എസ്സ്.സി | 380000 | 11726 |
| ജില്ലാ പഞ്ചായത്ത് | | 75000 | പാലിന് സബ്സിഡി | 75000 | 0 |
| | | 399720 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 399720 | 0 |
| | | 400000 | പഠനമുറി എസ്.സി | 20000 | 380000 |
| | | 303263 | ലൈഫ് ജനറൽ | 270450 | 32813 |
| | | 191294 | ലൈഫ് എസ്സ്.സി | - | 191294 |
| | | 273200 | നെൽകൃഷി വികസനം | 273144 | 56 |
| | | 350000 | ശാരീരിക മാനസികം വെല്ലുവിളിനേരിടുന്നവർ സ്കോളർഷിപ്പ് | 350000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ സ്ഥാപിക്കൽ | ബിൽ നം.11/23.10.18 | 352197 | 299403 | 52794 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | ചെക്ക്നം.1424304 28.3.19 | 399720 | 399720 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

മരാമത്ത് പ്രവർത്തികൾക്കായി മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് ലൈഫ് പദ്ധതി വായ്പയിനത്തിൽ 500000/- രൂപ വരവുണ്ട്. ടി തുക ലൈഫ് പദ്ധതിക്കായി വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ | ഉത്തരവ് | വായ്പ | വർഷാരംഭത്തിൽ | തൻവർഷം | വർഷാവ |
|---|---|---|---|---|---|

| ഉദ്ദേശ്യം | നമ്പർ/തീയതി | തുക | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ്-ഭവനനിർമ്മാണം-KURDFC | | 500000 | 0 | 0 | - | 500000 |

•

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 29 | 2003-04 | 88 | മുൻകൂർ തുക നൽകി, റോഡ് പണി പൂർത്തീകരിച്ചില്ല | 05.02.2015 ലെ കമ്മറ്റി 1(2) -ാം തീരുമാന പ്രകാരം പഴയംപള്ളി - ഐക്കപ്പള്ളി റോഡ് പൂർത്തിയായ തായി വിലയിരുത്തിയിട്ടുണ്ട്. മറ്റു രേഖകൾ ലഭ്യമല്ല |
| 1999-00 | 32 | 2003-04 | 89 | കിണർ നിർമ്മാണം - സ്വകാര്യ വ്യക്തികളെ ഏൽപിച്ചു. | 05.02.2015 ലെ 1(3) -ാം തീരുമാന പ്രകാരം പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു |
| 1999-00 | 36 | 2003-04 | 90 | തിരുവൻവണ്ടൂർ ഗവ.LPS ചുറ്റമതിൽ നിർമ്മാണം - M book ഹാജരാക്കിയില്ല | M-book കണ്ടെത്താനാകാത്തതിനാൽ പണി പൂർത്തിയായതിന്റെ അടിസ്ഥാന ത്തിൽ 05.02.15 ലെ കമ്മറ്റി 1(4) -ാം തീരുമാനപ്രകാരം ഒഴിവാക്കാൻ ശുപാർശ ചെയ്തു. |
| 2009-10 | 1(1) | 2011-12 | 1(എ) | ക്യാഷ് ബുക്ക് അപൂർണ്ണം | ജി.ഒ.പി നം-319/2003 ധന/ 12.06.2003 ഉത്തരവ് പ്രകാരം ക്യാഷ് ബുക്ക് എഴുതി നൽകിയിട്ടുണ്ട് |
| | 1(2) | 2011-12 | | ചെലവ് രജിസ്റ്റർ അപൂർണ്ണം | ചെലവ് രജിസ്റ്റർ എഴുതിയിട്ടുണ്ട്. |
| | 1(3) | 2011-12 | | വൗച്ചറുകൾക്ക് നമ്പരില്ല. ചെലവുകൾ പ്രസിഡന്റ് അധികാരപ്പെടുത്തിയിട്ടില്ല. | വൗച്ചറുകൾക്ക് നമ്പരിട്ട് സൂക്ഷിച്ചിട്ടുണ്ട്. ചെലവുകൾ പ്രസിഡന്റ് അധികാരപ്പെടുത്തി യിട്ടുണ്ട്. |
| | 3(1)എ | 2011-12 | 2(എ) | സെൽഫ് ചെക്കായി 1,19,892/-രൂപ | ഖണ്ഡികയിൽ പറഞ്ഞിട്ടുള്ള അപാകത പരിഹരിച്ചിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| | | | | പിൻവലിച്ചു. 27,397/- രൂപയുടെ ധനാപഹരണം. | 10,450/-രൂപ 18% പലിശ സഹിതം മുൻ സെക്രട്ടറി കെ.കെ.ശേഖരനിൽ നിന്നും ഈടാക്കിയിട്ടുണ്ട്. |
| | 3(1)ബി | ,, | 2(ബി) | 1.റിക്കവറിക്കായി പിൻവലിച്ച തുകയിൽ ക്രമക്കേട്<br>2.ഓണം അഡ്വാൻസ് സംബന്ധിച്ച രേഖകൾ ഒന്നും ഹാജരാക്കിയിട്ടില്ല.<br>3.ശ്രീ.ശർമ്മ,H.C യുടെ 10/2009 ലെ KSFE -റിക്കവറി | ശ്രീ.ശർമ്മ, H.C യുടെ 10/2009 ലെ KSFE -റിക്കവറി ചെക്ക് നം.472/-<br>22-10-2009 പ്രകാരം 600/- രൂപയും ചെക്ക് നമ്പർ-2015, 20-01-2010 പ്രകാരം 4,000/- രൂപയും ഫെഡറൽ ബാങ്കിന്റെ തിരുവൻവണ്ടൂർ ശാഖയിൽ നിന്നും പിൻവലിച്ചിട്ടുണ്ടെന്ന് എഴകോൺ KSFE യിൽ നിന്നും അറിയിച്ചിട്ടുണ്ട്. |
| | | ,, | 2(ബി)4 | ശ്രീ.ശർമ്മ,H.C യുടെ HBA റിക്കവറി | ശ്രീ.ശർമ്മ, H.C യുടെ റിക്കവറി അടച്ചതായി കാണുന്നില്ല. |
| | | ,, | 2(ബി)4 | ശ്രീ.സന്തോഷ്,പ്യൂൺ 10/2009 ലെ കോർട്ട് അറ്റാച്ച്മെൻറ് | ജീവനക്കാരുടെ കെ.പി.ഇ. പി.എഫ് 11,190/- രൂപ 1504 നമ്പർ ചെല്ലാൻ പ്രകാരവും ജി.ഐ.എസ് 600/- രൂപ 1483 നമ്പർ ചെലാൻ പ്രകാരവും എസ്.എൽ. ഐ 900/- രൂപ 1491 നമ്പർ ചെലാൻ പ്രകാരവും ചെങ്ങന്നൂർ സബ് ട്രഷറിയിൽ ഒടുക്കിയിട്ടുണ്ട്. സെക്രട്ടറിയുടെ LIC തുക 105 രൂപ ഒടുക്കിയതിന്റെ രേഖ ഇല്ല. |
| 2009/10 | 3-2 | 2011/12 | 3 | പി.എച്ച്.സി അറ്റകുറ്റ പണി ബാക്കി തുക ഡെപ്പോസിറ്റ് റീഫണ്ട് 71535/- രൂപയുടെ ക്രമക്കേട് | രേഖകൾ ഹാജരാക്കിയിട്ടില്ല. നടപടികൾ സ്വീകരിച്ചു വരുന്നു. |
| 2009/10 | 3-2(എ) | 2011/12 | 3(എ) | പിൻവലിക്കൽ ക്രമ വിരുദ്ധം,<br>49035/-രൂപ പിൻവലിച്ചതിൽ ക്രമക്കേട് | 49035/-രൂപയും 18%പലിശയും മുൻ സെക്രട്ടറി കെ.കെ.ശേഖരനിൽ നിന്നും ഈടാക്കിയിട്ടുണ്ട്. |
| 2009/10 | 3-2(ബി) | 2011-12 | 3(ബി) | EMD-SD, റീഫണ്ട് പിൻവലിക്കൽ ക്രമവിരുദ്ധം 22,500/- രൂപ | 22,500/- രൂപ 18% പലിശ സഹിതം മുൻ സെക്രട്ടറി കെ.കെ.ശേഖരനിൽ നിന്നും ഈടാക്കിയിട്ടുണ്ട് |
| 2009/10 | 3-3 | 2011/12 | | ചെലവുകൾ അപൂർണ്ണം ഉള്ള വിവരങ്ങൾ വാസ്തവവിരുദ്ധം. | ചെലവു രജിസ്റ്ററുകൾ കൃത്യമാക്കി യിട്ടുണ്ട്. |
| 2009/10 | 1-4 | 2011/12 | 5 | പ്രസിഡന്റിന്റെ അനുമതിയില്ലാതെ 2,16,561/- രൂപ ചിലവഴിച്ചത് | ഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുള്ള ന്യൂനതകൾ പരിഹരിച്ചിട്ടുണ്ട്. |

## 4-8 ചാർജ്/സർച്ചാർജ് നടപടികളുടെ വിവരം

ലഭ്യമല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 4,26,93,481 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 3,85,53,601 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 5,328 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 60827 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1173572 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 5,328 | | ശ്രീമതി.ബെറ്റി. ജെ.ടീസ,സെക്രട്ടറി |
| 3-1 | | 25,366 | ശ്രീ.രാജേന്ദ്ര പ്രസാദ്, കൃഷി ഓഫീസർ |
| 3-2 | | 34,913 | ശ്രീ.രാജേന്ദ്ര പ്രസാദ്, കൃഷി ഓഫീസർ |
| 3-3 | | 548 | ശ്രീ.രാജേന്ദ്ര പ്രസാദ്, കൃഷി ഓഫീസർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 5,22,592 | ശ്രീ.രാജേന്ദ്ര പ്രസാദ്, കൃഷി ഓഫീസർ |
| 1-26(1),(3) | 2,060 | ശ്രീ.രാജേന്ദ്ര പ്രസാദ്, കൃഷി ഓഫീസർ |
| 1-34 | 3,99,720 | ശ്രീ.കെ.വിക്രമൻ പിള്ള, സെക്രട്ടറി |
| 1-40 | 150,000 | ശ്രീ.ബി ദേവലാൽ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-41 | 99,200 | ശ്രീമതി. ലാലി.എസ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

1-14 ലൈ.സെസ്സ്-265/- രൂപ

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഖണ്ഡിക 1-27

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ബെറ്റി. ജെ.ട്രീസ,സെക്രട്ടറി | | ആശിഷ്,51,തോട്ടത്തിൽ ലെയിൽ കുശവർക്കർ റോഡ്, നാലാഞ്ചിറ.പി.ഒ, തിരുവനന്തപുരം. |
| ശ്രീ.രാജേന്ദ്ര പ്രസാദ്, കൃഷി ഓഫീസർ | കൃഷി ഓഫീസർ, തിരുവൻവണ്ടൂർ | സന്തോഷ് നിലയം,മറ്റം നോർത്ത്,<br>തട്ടാരമ്പലം പി.ഒ, മാവേലിക്കര |
| ശ്രീമതി.ദീപ്തി.എൻ,അസി.എൻജിനീയർ | അസി.എൻജിനീയർ, തിരുവൻവണ്ടൂർ | TC5/2630(4)മാലേയം, TTC Enclave-B7<br>കവടിയാർ പി.ഒ-695003 |
| ശ്രീമതി ലാലി.എസ്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, തിരുവൻവണ്ടൂർ | ശ്രീപത്മം, വാഴാർമംഗലം ചെങ്ങന്നൂർ 689124 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996/97 | എൽ.എഫ്.എ.8/321/01/17.04.01/08.06.01 ചെലവ് |
| 1997/98 | എൽ.എഫ്.എ.8/320/01/17.04.01/08.06.01 |
| 1998/99 | എൽ.എഫ്.എ.8/1314/02//18.12.2002 |
| 1999/2000 | എൽ.എഫ്.എ.8/1315/02/11.06.2003 |
| 2000/2001 | എൽ.എഫ്.എ.8/943/05/05.05.06 |
| 2001/2002 | എൽ.എഫ്.എ.8/943/05/05.05.06 |
| 2002/2003 | എൽ.എഫ്.എ.11/942/08 |
| 2003/04 | എൽ.എഫ്.എ.11/943/08/27.01.09/08.04.09 |
| 2004/05 | എൽ.എഫ്.എ.11/737/10/31.10.11 |
| 2005/06 | എൽ.എഫ്.എ.11/738/10/31.10.11 |
| 2006/07 | എൽ.എഫ്.എ.7/26/27.07.12 |
| 2007/08 | എൽ.എഫ്.എ.7/27/27.07.12 |
| 2008/09 | എൽ.എഫ്.എ.7/28/27.07.12 |
| 2009/10 | എൽ.എഫ്.എ.7/29/27.07.12 |
| 2010/11 | എൽ.എഫ്.എ.പി7/23/12/06.08.12/04.10.12 |
| 2011/12 | എൽ.എഫ്.എ.പി7/1002/14/10.10.14 |
| 2012/13 | എൽ.എഫ്.എ.പി7/347/15/03.0615/04.08.15 |
| 2013/14 | കെ.എസ്.എ.എ.എൽ.പി.പി.7/405/2016/26.03.16 |
| 2014/15 | കെ.എസ്.എ.എ.എൽ.പി/പി 7-832/2016/29.07.16/03.08.16 |
| | |

| | |
|---|---|
| 2015-16 | കെ.എസ്.എ./എ.എൽ.പി/പി 14/44/2017 തീ.30.01.2017 |
| 2016-17 | കെ.എസ്.എ./എ.എൽ.പി/പി 14/1241/2017 തീ.3.11.2017 |
| 2017-18 | കെ.എസ്.എ./എ.എൽ.പി/പി 14/1468/2018 തീ.01.09.2018 |

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം - 1

നം.കെ.എസ്.എ-എ.എൽ.പി.പി14-646/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ
ഫോൺ – 0477 2252753
ഇ-മെയിൽ – ddhglfalpy@gmail.com
തീയതി. 26.06.2019

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 31.03.2019ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ

# അനുബന്ധം - 2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ